കേരള സർക്കാർ

# നവകേരളം കർമപദ്ധതി

# പ്രവർത്തന റിപ്പോർട്ട്

## 2024 ആഗസ്റ്റ്

# ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 32 |
| വിദ്യാകിരണം | 35 |
| ആർദ്രം മിഷൻ | 42 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 51 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | ജൂലൈ വരെ | ആഗസ്റ്റ് | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 234 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 28,173 | 756 | 28,929 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 34686.72 | 635.68 | 35322.40 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3497 | 46 | 3543 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5107 | 49 | 5156 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 8835 | 129 | 8964 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 17555 | 139 | 17694 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 645 | 11 | 656 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 61670 | 1919 | 63589 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | 656 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 279 | 26 | 305 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 215 | | 215 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 1466.127 | 302.69 | 1768.817 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3443 | 60 | 3503 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 996.2 | 46.27 | 1042.47 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | 8 | | 8 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2349 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 651 | 145 | 796 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 66 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 118 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 15000 |
| പരിശോധന നടത്തിയ സ്ഥാപനങ്ങൾ | 15190 | 453 | 15643 |
| ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | 10360 | 128 | 10488 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 132 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2024 ആഗസ്റ്റ് മാസത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

## 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 132 |
| നെറ്റ്സീറോ-അംഗൻജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്ഥാപനങ്ങൾ | 85 |
| മാതൃകാ നെറ്റ് സീറോ കാർബൺ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് റിപ്പയറിങ്ങിലും മെയിന്റിനൻസിലുമുള്ള പരിശീലനം. | 109 |
| ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം ലഭിച്ച അധ്യാപകർ. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 40 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെടുത്തി. നിലവിൽ 132 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിലെ 13% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രാരംഭ ശിൽപ്പശാല,

സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശില്പശാല/യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ആഗസ്റ്റ് മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 86 | 398 | 514 | 4081 | 4989 | 4 | 194 | 25 | 1841 | 333 | 2085 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | | | | | | | | | | |
| 15 | 53 | 84 | 130 | 263 | 0 | 0 | 0 | 0 | 106 | 42 |

- കൊല്ലം ജില്ലയിൽ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ ചെമ്പകശ്ശേരി HSS, പൂതക്കുളം HSS എന്നിവിടങ്ങളിലെ NSS വിദ്യാർത്ഥികൾക്ക് മാലിന്യ പരിപാലത്തെക്കുറിച്ചുള്ള ബോധവൽക്കരണവും ഊർജ്ജ സംരക്ഷണം ബോധവൽക്കരണ ക്ലാസ്സും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആഗസ്റ്റ് മാസത്തിൽ നൽകിയിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പനയം ഗ്രാമപഞ്ചായത്തിലെ 8 വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളായി ആഗസ്റ്റ് മാസം പ്രഖ്യാപിച്ചു.
- പത്തനംതിട്ട ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജില്ലാ കോർ ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി, റിസോഴ്സ് പേഴ്സൺമാർ എന്നിവരുടെ ജില്ലാതല യോഗം ആഗസ്റ്റ് മാസത്തിൽ ചേർന്നു.
- ആലപ്പുഴ ജില്ലയിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിൽ നടന്നുവരുന്ന ഓണക്കാല പച്ചക്കറി കൃഷി, പൂകൃഷി എന്നിവയുടെ വിളവെടുപ്പ് ആരംഭിച്ചു. സോളാർ ഫീസിബിലിറ്റി സർവ്വേ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ചു.
- ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ കൃഷ്ണപുരം റോഡ് സൗന്ദര്യവൽക്കരണവും ഫലവൃക്ഷ പരിപാലനവും നടത്തി. ഈ പ്രദേശത്ത് നേരത്തെ നട്ടിരുന്ന ചെടികൾക്ക് ചുറ്റും വേലി കെട്ടുകയും വൃത്തിയാക്കുകയും ചെയ്തു.
- ഇടുക്കി ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളെയും ഹരിത വിദ്യാലയം ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- എറണാകുളം ജില്ലയിൽ നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ വീട്ടുമുറ്റ ക്ലാസുകൾ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുകയും ക്ലാസ്സുകളെ കുറിച്ച് പഞ്ചായത്തു ഭരണസമിതി വിലയിരുത്തുകയും ചെയ്തു. 32 ക്ലാസുകളാണ് നടന്നിട്ടുള്ളത്.
- എറണാകുളം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിന്റെ ഭാഗമായി കാർബൺ എമിഷൻ തോതും സംഭരണതോതും കണക്കാക്കുന്നതിനുള്ള സർവ്വേ പൈലറ്റ് അടിസ്ഥാനത്തിൽ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നടന്നു. കുഫോസിലെ വിദ്യാർത്ഥികൾ, ഹരിതകേരളം മിഷൻ റിസോഴ്സ് പേർസൺമാർ, ഇന്റേൺസുമാർ എന്നിവരാണ് സർവ്വേ നടത്തുന്നത്. ഹരിതകേരളം മിഷൻ സംസ്ഥാന ഓഫീസിലെ ഉദ്യോഗസ്ഥർ സർവ്വേ നടത്തുന്നതിനുള്ള പരിശീലനം നൽകി.

- തൃശൂർ ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി കുഴൂർ ഗ്രാമപഞ്ചായത്തിൽ വച്ച് കോർ ഗ്രൂപ്പ് യോഗവും ശിൽപ്പശാലയും ഊർജ്ജ സംരക്ഷണത്തെ കുറിച്ച് ക്ലാസ്സും നടന്നു. 37 പേർ പങ്കെടുത്തു. ജില്ലയിൽ കൊണ്ടാഴി ഗ്രാമ പഞ്ചായത്തിൽ സുഗന്ധ വിള കൃഷിയുടെ ഭാഗമായി 1300 കുരുമുളക് തൈകൾ വിതരണം ചെയ്തു.
- തൃശൂർ ജില്ലയിലെ ക്യാമ്പയിന്റെ ഭാഗമായി മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ തദ്ദേശ സ്ഥാപനതല ശിൽപ്പശാല നടന്നു. വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ കോർ ഗ്രൂപ്പ് യോഗവും, ശില്പശാലയും നടന്നു.
- മലപ്പുറം ജില്ലയിൽ ഓഗസ്റ്റ് മാസം കീഴാറ്റൂർ, വെട്ടം പഞ്ചായത്തുകളിൽ തദ്ദേശ സ്ഥാപന തലത്തിൽ പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിന് ശിൽപ്പശാല സംഘടിപ്പിച്ചു. ഊർജ്ജ സംരക്ഷണ ക്ലാസുകൾ മുഴുവൻ പഞ്ചായത്തുകളിലും പൂർത്തിയാക്കി. നെറ്റ് സീറോ കാർബൺ പരിശീലനങ്ങൾ എല്ലാ പഞ്ചായത്തുകളിലും പൂർത്തീകരിച്ചു. കോർ കമ്മിറ്റി രൂപീകരണം തിരഞ്ഞെടുത്ത എല്ലാ പഞ്ചായത്തുകളിലും പൂർത്തീകരിച്ചു.
- പാലക്കാട് ജില്ലയിൽ വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ ക്യാമ്പയിന്റെ ഭാഗമായി അർദ്ധദിന ശിൽപശാല ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിച്ചു. നിലവിൽ 6 ഗ്രാമപഞ്ചായത്തുകളിൽ ശിൽപ്പശാല നടത്തി. പഞ്ചായത്ത് തല നെറ്റ് സീറോ കാർബൺ ആക്ഷൻ പ്ലാൻ തയ്യാറാക്കി. നെറ്റ് സീറോ ശിൽപശാല നടത്താൻ ബാക്കിയുള്ള അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ സെപ്റ്റംബർ മാസത്തിൽ ശിൽപ്പശാല സംഘടിപ്പിച്ച് പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതാണ്.
- പാലക്കാട് ജില്ലയിൽ നെറ്റ് സീറോ ക്യാമ്പയിന്റെ ഭാഗമായി തദ്ദേശ തല കോർ കമ്മിറ്റി അംഗങ്ങൾക്ക് സംസ്ഥാന മിഷന്റെ സഹായത്തോടുകൂടിയുള്ള ജില്ലാ തല ശിൽപ്പശാല സംഘടിപ്പിക്കും. പുതിയതായി ഒറ്റപ്പാലം നഗരസഭയിൽ നെറ്റ് സീറോ ക്യാമ്പയിൻ ആരംഭിക്കുന്നതിനായി പ്രാഥമിക യോഗം സെപ്റ്റംബർ മാസം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി നഗരസഭയിൽ നെറ്റ് സീറോ ക്യാമ്പയിന്റെ ഭാഗമായി കൗൺസിൽ അവതരണവും ജനകീയ ശിൽപ്പശാലയും ആഗസ്റ്റ് മാസത്തിൽ നടന്നു. കൊയിലാണ്ടിയിൽ NSS വളണ്ടിയേഴ്സിന്റെ യോഗം ആഗസ്റ്റ് മാസത്തിൽ ചേർന്ന് നെറ്റ് സീറോ ക്യാമ്പയിൻ സംബന്ധിച്ച് അവതരണം നടത്തി. വടകര നഗരസഭയിൽ ആക്ഷൻ പ്ലാൻ പ്രകാരം വിവിധ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.
- **കുട്ടികൾക്കായി പഠനക്യാമ്പ് -** കോഴിക്കോട് ജില്ലയിൽ നെറ്റ് സീറോ ക്യാമ്പയിൻ കുട്ടികളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനതലത്തിൽ നേരത്തെ നടത്തിയ നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവ മാതൃകയിൽ ഓണ അവധി സമയത്ത് പഠന ക്യാമ്പ് നടത്താൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച് PEC മീറ്റിംഗിൽ അവതരണം നടത്തി. എല്ലാ സ്കൂളുകളിലും നെറ്റ് സീറോ ക്യാമ്പയിൻ സംബന്ധിച്ച പോസ്റ്റർ വിതരണം ചെയ്യുകയും അത് കുട്ടികളുടെ നേതൃത്വത്തിൽ പതിക്കുകയും ചെയ്തു. പഠനക്യാമ്പിലേക്ക് തിരഞ്ഞെടുക്കാനായി നഗരസഭയിലെ 45 പ്രൈമറി വിദ്യാലയങ്ങളിലും ആഗസ്റ്റ് 30ന് ക്വിസ് മത്സരങ്ങൾ നടന്നു. ഇവിടങ്ങളിൽ 1, 2 സ്ഥാനം ലഭിച്ച കുട്ടികളെ പരിസ്ഥിതി പുനസ്ഥാപനം എന്ന ആശയത്തിൽ സെപ്റ്റംബർ 18, 19ന് നടക്കുന്ന ക്യാമ്പിൽ പങ്കെടുപ്പിക്കും. പഠനക്യാമ്പിന്റെ തുടർച്ചയായി നഗരസഭയിൽ സ്ഥിതി ചെയ്യുന്ന കാലിക്കറ്റ് സർവ്വകലാശാല ടീച്ചർ എജ്യുക്കേഷൻ സെന്റർ, District Institute of Education & Training, മോഡൽ പോളി എന്നിവിടങ്ങളിലെ അധ്യാപകർ, വിദ്യാർത്ഥികളെയും NSS വളണ്ടിയേഴ്സിനെയും ഉപയോഗപ്പെടുത്തി എല്ലാ വിദ്യാലയങ്ങളിലും നെറ്റ് സീറോ ക്ലാസുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെടുത്തി ശിൽപ്പശാലയും മരുതോങ്കര ഗ്രാമപഞ്ചായത്തിൽ കലണ്ടർ തയ്യാറാക്കാനായി ശിൽപ്പശാലയും നടത്തി. ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ പ്രവർത്തനങ്ങളുടെ ഭാഗമായി വാഹന പുകപരിശോധന കേന്ദ്രം ഉദ്ഘാടനം ചെയ്തു.
- കണ്ണൂർ ജില്ലയിൽ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ അമ്മംകുളം വാർഡ് തല സംഘാടക സമിതി രൂപീകരണവും അയൽ കൂട്ട ക്ലസ്റ്റർ തല പ്രഖ്യാപനവും ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

ഉദ്ഘാടനം ചെയ്തു. 20-25 കുടുംബങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപീകരിച്ച് പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും തീരുമാനിച്ചു.

- ❖ കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ ഫിലമെന്റ് രഹിത പഞ്ചായത്തുമായി ബന്ധപ്പെട്ട് യോഗം നടത്തി. ഫിലമെന്റ് ബൾബ് കണ്ടെത്താനുള്ള വിവരശേഖരണത്തിന്റെ പുരോഗതി വിലയിരുത്തി. 10 വാർഡുകളിൽ നിന്നുമുള്ള വിവരങ്ങൾ കൂടി ലഭിച്ചാൽ ഫിലമെന്റ് രഹിത പഞ്ചായത്തായി വേങ്ങാട് ഗ്രാമപഞ്ചായത്തിനെ പ്രഖ്യാപിക്കാൻ തീരുമാനിച്ചു.
- ❖ കണ്ണൂർ ജില്ലയിലാണ് നെറ്റ് സീറോ കാർബൺ പ്രവർത്തങ്ങളുടെ ഭാഗമായുള്ള ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ ഏറ്റവും അധികം നടന്നിട്ടുള്ളത്. ജില്ലയിൽ ആകെ നടന്ന 1292 ഊർജ്ജ സംരക്ഷണ ക്ലാസ്സുകളിൽ 29,218 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ❖ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ, ഹരിതടൂറിസം എന്നിവയുടെ ഏകദിന പരിശീലനം എം എസ് സ്വാമിനാഥൻ ഫൗണ്ടേഷനുമായി ചേർന്ന് സംഘടിപ്പിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ ഊർജ്ജ ഉപകരണങ്ങളുടെ പ്രദർശന മേള കണ്ണപുരം ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ചു. കല്യാശ്ശേരി എം.എൽ.എ മേള ഉദ്ഘാടനം ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ പടിയൂർ ഗ്രാമപഞ്ചായത്തും ഹരിത കേരള മിഷനും സംയുക്തമായി ആര്യങ്കോട് പട്ടികവർഗ സങ്കേതത്തെ ഹരിത സങ്കേതമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഫിലമെന്റ് രഹിത സങ്കേതമെന്ന നിലയിൽ, സീനിയർ ചേമ്പർ ഇന്റർനാഷണൽ ഇരിട്ടി ലീജിയന്റെ സഹായത്തോടെ എല്ലാ വീടുകൾക്കും LED ബൾബുകൾ വിതരണം ചെയ്തു. ഹരിത കേരള മിഷൻ കോ-ഓർഡിനേറ്റർ ഫിലമെന്റ് രഹിത സങ്കേതം പ്രഖ്യാപനം നടത്തി. 40 വീടുകൾക്ക് ബൾബുകൾ നൽകി.
- ❖ കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ ജനകീയ പ്രചാരണ പരിപാടി ആരംഭിച്ചു. കാർബൺ പാദമുദ്ര കുറയ്ക്കുന്ന ജീവിതശൈലികളെ കുറിച്ച് ക്ലാസുകൾ സംഘടിപ്പിച്ച്, ജനങ്ങളെ ബോധവത്കരിക്കുകയാണ് ലക്ഷ്യം. ജലസംരക്ഷണം, ഊർജ്ജ ഉപഭോഗം കുറയ്ക്കൽ, മാലിന്യ പരിപാലനം, ആഹാര ശീലങ്ങൾ മാറ്റൽ എന്നിവയിൽ പ്രായോഗിക മാറ്റങ്ങൾ വരുത്തി ജനങ്ങളെ പരിശീലിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ ആഗസ്റ്റ് മാസം ഓട്ടോറിക്ഷ തൊഴിലാളികളുടെ യൂണിറ്റ് സമ്മേളനത്തിൽ ഊർജ്ജ സംരക്ഷണ ക്ലാസ് സംഘടിപ്പിച്ചു. 75 ഓളം ഡ്രൈവർമാർ പങ്കെടുത്തു. ഗതാഗത മേഖലയിൽ 16.2% കാർബൺ പുറന്തള്ളൽ ഉണ്ടെന്നും, ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറേണ്ടതിന്റെ ആവശ്യകതയും ക്ലാസ്സിൽ ചർച്ചയായി. പെട്രോൾ, ഡീസൽ വാഹനങ്ങൾക്കുള്ള നല്ല ഡ്രൈവിംഗ് ശീലങ്ങളും മെയിന്റൻസ് മാർഗങ്ങളും വിശദീകരിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ പുതുതായി നെറ്റ് സീറോ ക്യാമ്പയിനിലേക്ക് കയ്യൂർ ചീമേനി, കോടോം ബേളൂർ എന്നീ ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തു. കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്തിൽ പഞ്ചായത്ത്തല കോർഗ്രൂപ്പ് യോഗം നടത്തിയിട്ടുണ്ട്. മുഴുവൻ കോർഗ്രൂപ്പ് അംഗങ്ങളുടെയും ഓൺലൈൻ യോഗം സെപ്റ്റംബർ മാസം നടത്താൻ തീരുമാനിച്ചു.

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.

സർക്കാരിന്റെ തീരുമാനമനുസരിച്ച് 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയെ വിനിയോഗിച്ചും 2021 ഏപ്രിൽ മുതൽ 2024 ആഗസ്റ്റ്

വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 35322.40 കിലോമീറ്റർ നീർച്ചാലുകളും 3543 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 81058.40 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5156 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 656 സ്ഥിരം തടയണകളും 63589 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

**ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021ഏപ്രിൽ മുതൽ 2024 ആഗസ്റ്റ് മാസം വരെ)**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 5130.25 | 572 | 454 | 797 | 3118 | 94 | 14385 |
| കൊല്ലം | 4186.07 | 191 | 439 | 676 | 3379 | 8 | 14793 |
| പത്തനംതിട്ട | 1449.79 | 171 | 201 | 557 | 893 | 27 | 4130 |
| ആലപ്പുഴ | 1481.75 | 67 | 47 | 206 | 274 | 18 | 645 |
| കോട്ടയം | 1365.19 | 56 | 251 | 425 | 559 | 18 | 1885 |
| ഇടുക്കി | 1470.38 | 197 | 208 | 276 | 309 | 45 | 1427 |
| എറണാകുളം | 2652.00 | 170 | 289 | 822 | 515 | 22 | 0 |
| തൃശൂർ | 1712.82 | 140 | 130 | 363 | 1008 | 12 | 42 |
| പാലക്കാട് | 6152.74 | 735 | 842 | 599 | 1472 | 16 | 9891 |
| മലപ്പുറം | 1519.75 | 293 | 453 | 172 | 1921 | 79 | 1022 |
| കോഴിക്കോട് | 1876.73 | 203 | 170 | 394 | 1013 | 45 | 237 |
| വയനാട് | 1972.79 | 86 | 749 | 102 | 360 | 94 | 1819 |
| കണ്ണൂർ | 2601.98 | 504 | 495 | 2750 | 1509 | 109 | 10662 |
| കാസർഗോഡ് | 1750.17 | 158 | 428 | 825 | 1364 | 69 | 2651 |
| ആകെ | 35322.40 | 3543 | 5156 | 8964 | 17694 | 656 | 63589 |

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 8964 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 17694 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3379 എണ്ണം), തിരുവനന്തപുരം (3118 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2750).

ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ആഗസ്റ്റ് മാസത്തിൽ 635.683 കിലോമീറ്റർ നീർച്ചാലുകളും 46 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 49 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആഗസ്റ്റ് മാസത്തിൽ 129 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 139 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി ആഗസ്റ്റ് മാസത്തിൽ ഒരു സ്ഥിരം തടയണകളും 1919 താൽക്കാലിക തടയണകളും നിർമ്മിച്ചു.

പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ 2023-ൽ

ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത് കൂടാതെ രണ്ടാം ഘട്ടത്തിൽ 211 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. ആകെ 305 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2024 ആഗസ്റ്റ് മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

351 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 656 ഗ്രാമ പഞ്ചായത്തുകളിലും (63.44%) ജല ബജറ്റ് തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

| ജല ബജറ്റ് - രണ്ടാം ഘട്ടം തിരഞ്ഞെടുത്തത് | | | |
|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | വിവര ശേഖരണം പൂർത്തിയായത് | റിപ്പോർട്ട് അവതരണം പൂർത്തിയായത് |
| തിരുവനന്തപുരം | 65 | 16 | 0 |
| കൊല്ലം | 47 | 31 | 27 |
| പത്തനംതിട്ട | 10 | 10 | 0 |
| ആലപ്പുഴ | 11 | 11 | 2 |
| കോട്ടയം | 63 | 28 | 1 |
| ഇടുക്കി | 23 | 19 | 7 |
| എറണാകുളം | 31 | 15 | 5 |
| തൃശൂർ | 27 | 12 | 9 |
| പാലക്കാട് | 42 | 39 | 16 |
| മലപ്പുറം | 87 | 30 | 5 |
| കോഴിക്കോട് | 67 | 67 | 59 |
| വയനാട് | 21 | 21 | 21 |
| കണ്ണൂർ | 32 | 32 | 26 |
| കാസർഗോഡ് | 36 | 36 | 33 |
| ആകെ | 562 | 367 | 211 |

ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. ഇത് നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

## 3.1 ജലബജറ്റ് പ്രവർത്തനപുരോഗതി

- തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം, മംഗലപുരം, അഴൂർ, പനവൂർ, പൂവച്ചൽ, മണമ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്തുതല സാങ്കേതിക സമിതി യോഗം ചേർന്നു.
- കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയിലും, വെട്ടിക്കവല, കൊട്ടാരക്കര എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലും ജലബജറ്റിൽ നിന്ന് ജലസുരക്ഷയിലേക്ക് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- പത്തനംതിട്ട ജില്ലയിൽ റാന്നി, റാന്നി - അങ്ങാടി ഗ്രാമപഞ്ചായത്തുകളിലെ ജലബജറ്റ് സെപ്റ്റംബർ മാസം പ്രകാശനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- ആലപ്പുഴ ജില്ലയിൽ ചുനക്കര, നൂറനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ആഗസ്റ്റ് മാസം ജല ബഡ്ജറ്റ് പ്രകാശനം ചെയ്തു. വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ കരട് റിപ്പോർട്ട് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ചു, സെപ്റ്റംബർ മാസം പ്രകാശനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- കോട്ടയം ജില്ലയിൽ രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത മാടപ്പള്ളി ബ്ലോക്കിലെ ജലബജറ്റ് ഡാറ്റ കളക്ഷൻ പൂർത്തിയായിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ അടിമാലി ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളുടെ ജല ബജറ്റ് പൂർത്തിയാക്കി. നെടുങ്കണ്ടം ബ്ലോക്കിലെ സേനാപതി, രാജാക്കാട്, രാജകുമാരി, ഉടുമ്പൻചോല, പാമ്പാടുംപാറ എന്നീ ഗ്രാമപഞ്ചായത്തുകളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. നെടുങ്കണ്ടം ബ്ലോക്കിലെ എല്ലാ ഗ്രാമപഞ്ചായത്തിന്റെയും ഡാറ്റ എൻട്രി പൂർത്തീകരിച്ചു.
- ഇടുക്കി ജില്ലയിൽ മണക്കാട് ഗ്രാമപഞ്ചായത്തിൽ ജല ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപെട്ടു ആഗസ്റ്റ് മാസം സാങ്കേതിക സമിതി യോഗം ചേർന്നു. മണക്കാട്, കുമിളി, ഉടുമ്പന്നൂർ, ശാന്തൻപാറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവരശേഖരണം നടന്നു വരുന്നു.
- തൃശ്ശൂർ ജില്ലയിൽ മതിലകം ബ്ലോക്കിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും തളിക്കുളം ബ്ലോക്കിലെ 2 ഗ്രാമപഞ്ചായത്തുകളിലും റിപ്പോർട്ട് അവതരണം പൂർത്തീകരിച്ചു. പഴയന്നൂർ ബ്ലോക്കിൽ ജല ബജറ്റ് ബ്ലോക്ക് തല കൺവെൻഷനും സാങ്കേതിക സമിതി യോഗവും ഓഗസ്റ്റ് മാസം നടന്നു.
- പാലക്കാട് ജില്ലയിൽ ജല ബജറ്റിനായി പുതിയതായി തിരഞ്ഞെടുത്ത പട്ടാമ്പി, കുഴൽമന്ദം എന്നീ ബ്ലോക്കുകളിലെ ഗ്രാമപഞ്ചായത്തുകളുടെയും റിപ്പോർട്ടുകൾ സെപ്റ്റംബർ മാസത്തിൽ പ്രകാശനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നെന്മാറ ബ്ലോക്കിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ വിവരശേഖരണം നടന്നു വരുന്നു. മലമ്പുഴ ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളിലും വിവരശേഖരണവും കരട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനവും സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിക്കും.
- പാലക്കാട് ജില്ലയിൽ നെന്മാറ ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലും, ക്രിട്ടിക്കൽ സോണിലുള്ള മലമ്പുഴ ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലും, സെമി ക്രിട്ടിക്കൽ സോണിലുള്ള പട്ടാമ്പി ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. ജലബജറ്റ് സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ ജലബജറ്റ് കണ്ടെത്തലുകൾ അനുസരിച്ച് നീരുറവ് പദ്ധതിയുമായും മറ്റു വകുപ്പുകളുടെ പദ്ധതിയുമായും സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ജലബജറ്റ് അവതരിപ്പിച്ച 23 ഗ്രാമപഞ്ചായത്തുകളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും പൂർത്തീകരിക്കുന്നതിനു വേണ്ട ഇടപെടൽ നടന്നു വരുന്നു.
- മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്കിലെ ജലബജറ്റ് പ്രസിദ്ധീകരണം ആഗസ്റ്റ് മാസം പൊന്നാനി MLA നിവഹിച്ചു. പൊന്നാനി ബ്ലോക്കിലെ ജലബജറ്റ് പ്രസിദ്ധീകരണം സെപ്റ്റംബർ മാസത്തിൽ തവനൂർ MLA നിർവഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തുടർപ്രവർത്തനത്തിന്റെ ഭാഗമായി സാങ്കേതിക സമിതി യോഗം ചേർന്നു. ജലദൗർലഭ്യം അനുഭവപ്പെടുന്നതായി കണ്ടെത്തിയ 99 പ്രദേശങ്ങളെ സംബന്ധിച്ച വിവരശേഖരണവും അവലോകനവും നടത്തി.
- കോഴിക്കോട് ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും ജലബജറ്റ് പൂർത്തീകരിക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. റിപ്പോർട്ട് മാസം തുറയൂർ, ആയഞ്ചേരി പഞ്ചായത്തുകളിലും കൊയിലാണ്ടി നഗരസഭയിലും ജലബജറ്റ് പ്രകാശനം ചെയ്തു. തുറയൂർ, ആയഞ്ചേരി ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് പ്രസിഡന്റുമാരും കൊയിലാണ്ടി നഗരസഭയിൽ CWRDM എക്സി.ഡയറക്ടറും പ്രകാശനം ചെയ്തു.

- കോഴിക്കോട് ജില്ലയിൽ ആഗസ്റ്റ് മാസം പേരാമ്പ്ര ബ്ലോക്കിൽ ജലസഭ നടന്നു. ജില്ലയിൽ റിപ്പോർട്ട് പ്രകാശനം ബാക്കിയുള്ള പേരാമ്പ്ര, തൂണേരി, ബാലുശ്ശേരി, കൊടുവള്ളി ബ്ലോക്കുകളിൽ റിപ്പോർട്ട് അന്തിമഘട്ടത്തിലാണ്.
- വയനാട് ജില്ലയിലെ ആകെയുള്ള 23 ഗ്രാമപഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലും ജലബജറ്റ് പ്രസിദ്ധീകരിച്ചു. ജലബജറ്റിന്റെ അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി ബ്ലോക്ക് പ്രത്യേക ജലനയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- കണ്ണൂർ ജില്ലയിൽ 7 ഗ്രാമ പഞ്ചായത്തുകളിൽ ആഗസ്റ്റ് മാസം ജലബജറ്റ് പ്രകാശനം നടന്നു. ശേഷിക്കുന്ന 6 പഞ്ചായത്തുകളിലും സെപ്റ്റംബർ മാസം ജലബജറ്റ് പ്രകാശനം പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിൽ ആഗസ്റ്റ് മാസത്തിൽ കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയുടെ ജലബജറ്റ് ജലസഭയിൽ വെച്ച് മുൻസിപ്പൽ ചെയർപേഴ്സൺ റിപ്പോർട്ട് പ്രകാശനം ചെയ്തു. ജലബജറ്റിൽ ചൂണ്ടിക്കാട്ടിയ തുടർ പ്രവർത്തനങ്ങൾ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും എല്ലാ വാർഡുകളിലും ജനകീയമായി നടപ്പിലാക്കുന്നതിനുള്ള തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. ബാക്കിയുള്ള 3 ഗ്രാമപഞ്ചായത്തുകളുടെ പ്രകാശനം സെപ്റ്റംബർ മാസം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിലെ 6 ബ്ലോക്കുകളിലും ജലബജറ്റിന്റെ തുടർച്ചയായി ജലസുരക്ഷ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ജലശക്തി അഭിയാന്റെ യോഗം ആഗസ്റ്റ് മാസം ചേർന്ന് ജലബജറ്റ് പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ആഗസ്റ്റ് മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 108 | 512 | 653 | 300 | 1423 | 0 | 0 | 8 | 401 | 534 | 944 |

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) യുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 215 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - ആഗസ്റ്റ് 2024

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 153 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 153 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 110 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

## സുരക്ഷിതമാക്കാം പശ്ചിമഘട്ടം - പ്രവർത്തന പുരോഗതി

| | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആഗസ്റ്റ് മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 20.5 | 374.68 |
| പത്തനംതിട്ട | 16 | 16 | 16 | 7 | 5 | 3.6 | 33.38 |
| കോട്ടയം | 32 | 32 | 32 | 30 | 0 | 0 | 57.50 |
| ഇടുക്കി | 49 | 34 | 31 | 0 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 15 | 13 | 111.1 | 236.10 |
| പാലക്കാട് | 51 | 51 | 51 | 40 | 40 | 135.49 | 853.60 |
| കോഴിക്കോട് | 14 | 14 | 14 | 14 | 1 | 0 | 2.15 |
| വയനാട് | 26 | 26 | 26 | 22 | 26 | 0 | 63.30 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 32 | 148.10 |
| ആകെ | 230 | 215 | 212 | 153 | 110 | 302.69 | 1768.82 |

- ❖ മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ആഗസ്റ്റ് മാസം 302.69 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 110 ഗ്രാമപഞ്ചായത്തുകളിലായി 1768.81 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ പാലക്കാട് (135.49km), എറണാകുളം (111.1km), കൊല്ലം (20.5km), കണ്ണൂർ (32km), പത്തനംതിട്ട (3.6km) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം ആഗസ്റ്റ് മാസത്തിൽ നടന്നത്.

| മാപ്പത്തോൺ - ആഗസ്റ്റ് മാസം | | | | |
|---|---|---|---|---|
| മാപത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി | | | |
| | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ച തോട് / നീർച്ചാലിന്റെ നീളം (കിമീ) |
| 230 | 215 | 212 | 153 | 1768.82 |

- ❖ കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലും നീർച്ചാലുകൾ വീണ്ടെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു. ആഗസ്റ്റ് മാസം 20.5 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 374.686 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ കോട്ടയം ജില്ലയിൽ നെടുംകുന്നം, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകളിൽ അവതരണം നടത്തി. ഇതുവരെ 32 ഗ്രാമപഞ്ചായത്തുകളിൽ അവതരണം പൂർത്തീകരിച്ചു. മാപിംഗിന്റെ വിവിധ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

❖ പാലക്കാട് ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി മാപത്തോണിൽ കണ്ടെത്തിയിട്ടുള്ള സ്ട്രീമുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. മാപത്തോൺ രണ്ടാംഘട്ട അവതരണം പൂർത്തിയാക്കാൻ ബാക്കിയുള്ള 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടുത്ത മാസങ്ങളിൽ തന്നെ അവതരണം നടത്തുന്നതാണ്.

| മാപത്തോൺ ആഗസ്റ്റ് മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 7 | 26 | 41 | 31 | 98 | 1 | 32 | 0 | 0 | 12 | 23 |

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു.

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു.

| നീരുറവ് പ്രവർത്തന പുരോഗതി - ആഗസ്റ്റ് മാസം | | | | | |
|---|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | നീരുറവ് പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
| തിരുവനന്തപുരം | 8 | 8 | 394 | 309 | 78.43% |
| കൊല്ലം | 12 | 12 | 12365 | 12365 | 100.00% |
| പത്തനംതിട്ട | 23 | 23 | 1651 | 467 | 28.29% |
| ആലപ്പുഴ | 5 | 5 | 145 | 81 | 55.86% |
| കോട്ടയം | 36 | 36 | 2450 | 2450 | 100.00% |
| ഇടുക്കി | 47 | 47 | 1258 | 760 | 60.41% |
| എറണാകുളം | 34 | 34 | 2283 | 1702 | 74.55% |
| തൃശൂർ | 8 | 8 | 124 | 108 | 87.10% |
| പാലക്കാട് | 66 | 66 | 7306 | 7306 | 100.00% |
| മലപ്പുറം | 7 | 7 | 265 | 219 | 82.64% |
| കോഴിക്കോട് | 24 | 24 | 795 | 383 | 48.18% |
| വയനാട് | 26 | 26 | 620 | 606 | 97.74% |
| കണ്ണൂർ | 23 | 23 | 2106 | 2106 | 100.00% |
| കാസർഗോഡ് | 5 | 5 | 500 | 458 | 91.60% |
| ആകെ | 324 | 324 | 32262 | 29320 | 90.88% |

- നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 324 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- സംസ്ഥാനത്തെ 324 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റടുത്ത 32262 നീരുറവു പ്രവർത്തനങ്ങളിൽ 29320 പ്രവർത്തനങ്ങൾ (90.88%) പൂർത്തീകരിച്ചു.
- നീരുവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു പൂർത്തീകരിച്ചത് കൊല്ലം ജില്ലയാണ്. കൊല്ലം ജില്ലയിൽ ഏറ്റടുത്ത 12365 പ്രവർത്തനങ്ങളും പൂർത്തീകരിച്ചു.
- പാലക്കാട് ഏറ്റടുത്ത 7306 പ്രവർത്തനങ്ങളിൽ 7306 എണ്ണവും, കണ്ണൂർ ജില്ലയിൽ 2106 പ്രവർത്തനങ്ങളിൽ 2106 എണ്ണവും, കോട്ടയം ജില്ലയിൽ 2450 പ്രവർത്തനങ്ങളിൽ 2450 എണ്ണവും പൂർത്തീകരിച്ചു.
- എറണാകുളം ജില്ലയിലും (2283), പത്തനംതിട്ട ജില്ലയിലും (1651), ഇടുക്കി ജില്ലയിലും (1258) കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റടുത്തിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെ ഭാഗമായി നവീകരിച്ച മാമൂട് നീർക്കുളം, വഴിയോര കുടിവെള്ള സ്രോതസ്സ് എന്നിവ നാടിന് സമർപ്പിച്ചു.
- തിരുവനന്തപുരം ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 185 നീർച്ചാലുകൾ (149.695 കി.മീ) പുനരൂജ്ജീവിച്ചു. ഇതോടൊപ്പം 11 കുളങ്ങളും 52 കിണറുകളും. 7 സ്ഥിരം തടയണകൾ, 471 താൽക്കാലിക തടയണകൾ എന്നിവ റിപ്പോർട്ട് മാസം നിർമിച്ചിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ മാപത്തോൺ നടന്ന ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് ആദ്യഘട്ടത്തിൽ പൂർത്തീകരിച്ച 12 ഗ്രാമപഞ്ചായത്തുകളിലും നീരുറവ് ഡി.പി.ആറിൽ ഉൾപ്പെട്ട 12365 ജലസംരക്ഷണ പ്രവൃത്തികൾ ആഗസ്റ്റ് മാസം വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 564 പ്രവൃത്തികളാണ് ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്.
- ആലപ്പുഴ ജില്ലയിൽ ആഗസ്റ്റ് മാസത്തിൽ പുന്നപ്ര തെക്ക്, പുറക്കാട്, എടത്വ, തകഴി, തലവടി, പുലിയൂർ, ചുനക്കര, ഭരണിക്കാവ്, കാർത്തികപ്പള്ളി, തൃക്കുന്നപ്പുഴ, പള്ളിപ്പാട് എന്നീ ഗ്രാമപഞ്ചായത്തുകളിലും ആലപ്പുഴ മുൻസിപ്പാലിറ്റിയിലുമായി 42 നീർച്ചാലുകൾ (26.8km നീളം) പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. വെണ്മണി, നൂറനാട്, ഭരണിക്കാവ്, മാവേലിക്കര താമരക്കുളം, വള്ളികുന്നം എന്നീ ഗ്രാമപഞ്ചായത്തുകളിലായി 358 താൽക്കാലിക തടയണങ്ങളും നിർമ്മിച്ചിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം, ശാന്തൻപാറ, രാജാക്കാട്, കരുണാപുരം, നെടുങ്കണ്ടം എന്നീ ഗ്രാമപഞ്ചായത്തുകളിൽ നീരുറവും ആയി ബന്ധപെട്ടു 25 തോടുകളുടെ പുനരുജ്ജീവനം ആരംഭിച്ചു. വണ്ടന്മേട് ഗ്രാമപഞ്ചായത്തിൽ 3 Km ദൂരം പുനരുദ്ധാരണം ആരംഭിച്ചു. ദേവികുളം ഗ്രാമപഞ്ചായത്തിൽ തോട് കയ്യാല കെട്ട് നടക്കുന്നുണ്ട്.
- എറണാകുളം ജില്ലയിൽ നീരുറവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് തുറവൂർ ഗ്രാമപഞ്ചായത്തിലെ മൂന്നു തോടുകളുടെ ശുചികരണ പ്രവർത്തനം ആരംഭിച്ചു.

**നീരുറവ് ആഗസ്റ്റ് മാസ അവലോകനം**

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 36 | 77 | 114 | 68 | 259 | 0 | 0 | 0 | 0 | 126 | 267 |

- കണ്ണൂർ ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 243 നീർച്ചാലുകൾ (45.1 കി.മീ) പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 7 കുളങ്ങളും 15 പുതിയ കിണറുകളും 33 താൽക്കാലിക തടയണകളും റിപ്പോർട്ട് മാസം നിർമിച്ചിട്ടുണ്ട്.

❖ കാസർഗോഡ് ജില്ലയിൽ ആഗസ്റ്റ് മാസം 1.95 കി.മീ നീളത്തിൽ 7 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. 1 കുളം പുനരുജ്ജീവനവും 9 പുതിയ കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. 4 പുതിയ കിണറുകളും 30 കിണറുകളുടെ റീചാർജ്ജിംഗും നടന്നിട്ടുണ്ട്.

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്.

ആഗസ്റ്റ് മാസം വരെ ആകെ 321 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 238 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 213 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആഗസ്റ്റ് മാസത്തെ 756 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 28,929 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

| ജലഗുണനിലവാര നിർണ്ണയ ലാബ് ആഗസ്റ്റ് മാസ അവലോകനം | | | | |
|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | | ജൂലൈ വരെ | ആഗസ്റ്റ് | ആകെ |
| തിരുവനന്തപുരം | 13 | 1,518 | 5 | 1,523 |
| കൊല്ലം | 11 | 1,203 | 5 | 1,208 |
| പത്തനംതിട്ട | 21 | | 25 | 25 |
| ആലപ്പുഴ | 28 | 817 | 1 | 818 |
| കോട്ടയം | 31 | | 125 | 125 |
| ഇടുക്കി | 35 | 2,209 | 86 | 2,295 |
| എറണാകുളം | 54 | | 113 | 113 |
| തൃശൂർ | 54 | 18,028 | 91 | 18,119 |
| പാലക്കാട് | 12 | 211 | 2 | 213 |
| മലപ്പുറം | | | | |
| കോഴിക്കോട് | 29 | 1,977 | 1 | 1,978 |
| വയനാട് | | | | |
| കണ്ണൂർ | 21 | 1,585 | 181 | 1,766 |
| കാസർഗോഡ് | 12 | 625 | 121 | 746 |
| ആകെ | 321 | 28,173 | 756 | 28,929 |

❖ കോട്ടയം ജില്ലയിൽ ജലഗുണനിലവാര പരിശോധനാ ലാബിന്റെ ജില്ലാതല ഉദ്ഘാടനം ദേവസ്വം, തുറമുഖം, സഹകരണ വകുപ്പ് മന്ത്രി കുമരകം ഗവ എച്ച്.എസ്സ്.എസ്സിൽ നിർവഹിച്ചു.

❖ തൃശൂർ ജില്ലയിൽ ഒരു സ്കൂളിന് ഒരു വർഷത്തേക്ക് 500 ടെസ്റ്റുകൾ നടത്തുന്നതിന് ഏകദേശം 20,000 രൂപ ആവശ്യമായി വരുന്നുണ്ട്. ജലഗുണനിലവാര പരിശോധന ലാബിലേക്ക് പരിശോധനാ

സാമഗ്രികൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട പഞ്ചായത്തിന്റെ റിവിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ❖ പാലക്കാട് ജില്ലയിൽ ജലഗുണനിലവാര ലാബ് സ്ഥാപിച്ച സ്കൂളുകളുടെ അവലോകന യോഗം വിദ്യാകിരണം മിഷന്റെ സഹായത്തോടെ സെപ്റ്റംബർ മാസത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ ധർമ്മടം മണ്ഡലത്തിലെ 8 ലാബുകളിലേക്കും മുഖ്യമന്ത്രിയുടെ സി.എസ്.ആർ ഫണ്ടിൽ നിന്നും 10,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ജില്ലാ തലത്തിലുള്ള മോണിറ്ററിംഗ് യോഗം മുഴുവൻ സ്കൂൾ അധികൃതരെയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നു. ജനകീയ കാമ്പയിൻ സംഘടിപ്പിച്ചുകൊണ്ട് പ്രവർത്തനം ഊർജ്ജിതമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## 7. പച്ചത്തുരുത്തുകൾ

- ❖ 2019 ജൂൺ മുതൽ 2024 ആഗസ്റ്റ് വരെയുള്ള അഞ്ചു വർഷ കാലയളവിൽ സംസ്ഥാനത്ത് 1042.47 ഏക്കർ ആകെ വിസ്തൃതിയിൽ 3503 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ 2024 ആഗസ്റ്റ് മാസത്തിൽ മാത്രം സംസ്ഥാനത്തു 46.27 ഏക്കർ ആകെ വിസ്തൃതിയിൽ 61 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| പച്ചത്തുരുത്ത് | എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|
| ജൂലൈ മാസം വരെ | 3443 | 996.2 |
| ആഗസ്റ്റ് മാസം | 60 | 46.27 |
| ആകെ | 3503 | 1042.47 |

### പച്ചത്തുരുത്തുകൾ-ജില്ലാ തലം

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 ജൂലൈ വരെ | | 2024 ആഗസ്റ്റ് മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2024 ആഗസ്റ്റ് വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 496 | 59.24 | 2 | 0.22 | 498 | 59.46 |
| കൊല്ലം | 282 | 45.85 | 2 | 0.18 | 284 | 46.03 |
| പത്തനംതിട്ട | 185 | 30.65 | 1 | 0.005 | 186 | 30.655 |
| ആലപ്പുഴ | 91 | 21.29 | 3 | 0.42 | 94 | 21.71 |
| കോട്ടയം | 273 | 32.45 | 3 | 0.38 | 276 | 32.83 |
| ഇടുക്കി | 69 | 22.9 | 0 | 0 | 69 | 22.9 |
| എറണാകുളം | 141 | 19.45 | 5 | 0.75 | 146 | 20.2 |
| തൃശ്ശൂർ | 190 | 36.4 | 6 | 1.31 | 196 | 37.71 |
| പാലക്കാട് | 337 | 127.04 | 0 | 0 | 337 | 127.04 |
| മലപ്പുറം | 147 | 74.78 | 1 | 1.00 | 148 | 75.78 |
| കോഴിക്കോട് | 217 | 50.96 | 5 | 0.38 | 222 | 51.34 |
| വയനാട് | 70 | 23.2 | 0 | 0 | 70 | 23.2 |
| കണ്ണൂർ | 185 | 282.35 | 5 | 2.35 | 190 | 284.7 |
| കാസർഗോഡ് | 760 | 169.64 | 27 | 39.28 | 787 | 208.92 |
| ആകെ | 3443 | 996.2 | 60 | 46.27 | 3503 | 1042.47 |

- ❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (284.7 ഏക്കർ ആകെ വിസ്തൃതിയിൽ 190 പച്ചതുരുത്തുകൾ).
- ❖ എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (208.92 ഏക്കർ ആകെ വിസ്തൃതിയിൽ 787 പച്ചതുരുത്തുകൾ).
- ❖ പാലക്കാട് (127.04 ഏക്കർ ആകെ വിസ്തൃതിയിൽ 337 പച്ചതുരുത്തുകൾ), മലപ്പുറം (75.78 ഏക്കർ

ആകെ വിസ്തൃതിയിൽ 148 പച്ചതുരുത്തുകൾ) എന്നീ ജില്ലകളിലും കൂടുതൽ വിസ്തൃതിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

- ആഗസ്റ്റ് മാസത്തിൽ സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ കാസർഗോഡ് ജില്ലയിലാണ് (39.28 ഏക്കർ ആകെ വിസ്തൃതിയിൽ 27 പച്ചത്തുരുത്തുകൾ). കണ്ണൂർ ജില്ലയിൽ 2.35 ഏക്കർ ആകെ വിസ്തൃതിയിൽ 5 പച്ചത്തുരുത്തുകളും തൃശ്ശൂർ ജില്ലയിൽ 1.31 ഏക്കർ ആകെ വിസ്തൃതിയിൽ 6 പച്ചത്തുരുത്തുകളും ആഗസ്റ്റ് മാസത്തിൽ സ്ഥാപിച്ചിട്ടുണ്ട്.
- സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലയിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ആഗസ്റ്റ് മാസത്തിൽ 108 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 20 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 850 തൈകൾ ആവശ്യമായി വന്നു.
- തിരുവനന്തപുരം ജില്ലയിൽ 0.22 ഏക്കർ ആകെ വിസ്തൃതിയിൽ 2 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചു. കൂടാതെ ഇടപ്പറമ്പ് ഭഗവതി ക്ഷേത്രത്തിൽ നിർമിക്കുന്ന പച്ചത്തുരുത്തിന്റെ തൈനടീൽ ഉദ്ഘാടനം നിർവഹിച്ചു.
- ആലപ്പുഴ ജില്ലയിൽ ചെന്നിത്തല ഗ്രാമപഞ്ചായത്തിൽ 7 സെന്റ് സ്ഥലത്ത് പച്ചത്തുരുത് സ്ഥാപിച്ചു. റംബൂട്ടാൻ, നെല്ലിപുളി, ചാമ്പ, മാവ് എന്നിവയാണ് നിലവിൽ നട്ടത്. കുറച്ച് തൈകൾ കൂടി അടുത്ത ദിവസം നടുവാൻ തീരുമാനിച്ചിട്ടുണ്ട്. 2 തൊഴിലുറപ്പ് അംഗങ്ങളെ പരിപാലനത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5 ഗ്രാമപഞ്ചായത്തുകളിലെയും തീരദേശങ്ങളിൽ കണ്ടൽ നട്ടുവളർത്തി നടപ്പിലാക്കാൻ ഒരുങ്ങുന്ന പദ്ധതിയാണ് 'കണ്ടൽ ബ്രിഗേഡ്'. സംസ്ഥാനത്ത് ആദ്യമായാണ് ഒരു ബ്ലോക്ക് പരിധിയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലെയും കടത്തീരത്ത് കണ്ടൽ നട്ടുവളർത്തുന്ന പദ്ധതി നടപ്പിലാക്കുന്നത്.
- ആലപ്പുഴ ജില്ലയിൽ പച്ചത്തുരുത്ത് സാധ്യത പഠനത്തിന്റെ ഭാഗമായി 27 സ്ഥാപനങ്ങളിൽ ആഗസ്റ്റ് മാസത്തിൽ സർവ്വേ നടത്തി 89 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.
- കോട്ടയം ജില്ലയിൽ ആഗസ്റ്റ് മാസം 3 പുതിയ പച്ചത്തുരുത്തുകൾ 38 സെന്റിലായി ആരംഭിച്ചു. ഈ സാമ്പത്തിക വർഷം നാളിതുവരെ 33 പച്ചത്തുരുത്തുകൾ 575 സെന്റിലായി ആരംഭിച്ചു.
- തൃശൂർ ജില്ലയിൽ ആഗസ്റ്റ് മാസത്തിൽ 33 പച്ചത്തുരുത്തുകൾ പുനഃസന്ദർശിച്ച് നിലവിലെ സ്ഥിതി വിലയിരുത്തി. പുനഃസന്ദർശനം നടത്തിയ എല്ലാ പച്ചത്തുരുത്തുകളിലും തുടർപരിപാലനം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തങ്ങൾ നടന്നുവരുന്നു.
- തൃശൂർ ജില്ലയിൽ പെരിഞ്ഞനം അയ്യപ്പൻ മെമ്മോറിയൽ എൽപി സ്കൂളിലെ ഔഷധ പച്ചത്തുരുത്തിനോട് ചേർന്ന് നിർമ്മിക്കുന്ന ഫ്രൂട്ട് ഗാർഡന്റെ ഉദ്ഘാടനം എംഎൽഎ നിർവഹിച്ചു. ഫ്രൂട്ട് ഗാർഡനിലേക്ക് മണപ്പുറം ഫൗണ്ടേഷൻ 30 ഫലവൃക്ഷത്തൈകൾ നൽകി.
- തൃശൂർ ജില്ലയിൽ മാടമ്പ് മനയിൽ ഹരിത കേരളം മിഷനും എച്ച്ഡിഎഫ്സി ബാങ്കും ഔഷധസസ്യ ബോർഡും സംയുക്തമായി സ്ഥാപിച്ച ഔഷധസസ്യങ്ങളുടെ പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. 40 സെന്റോളം വരുന്ന ഈ സ്ഥലം തയ്യാറാക്കുന്നതിന് ഫോറസ്റ്റ് കോളേജിലെ ജീവനക്കാരും സഹായിക്കുകയുണ്ടായി. 60 ഇനങ്ങളിലായി 150 ഔഷധസസ്യങ്ങളാണ് ഔഷധസസ്യ ബോർഡ് മുഖേന ലഭ്യമാക്കിയത്.
- തൃശൂർ ജില്ലയിൽ കണ്ണികുളങ്ങര NSVV എൽ. പി. സ്കൂളിൽ വെച്ചു നടന്ന ഔഷധ സസ്യ പച്ചതുരുത്തിന്റെ തൈ നടീൽ ഉദ്ഘാടനം നിർവ്വഹിച്ചു. വിദ്യാർത്ഥികൾ 50 സെന്റ് സ്ഥലത്ത് 200 ഔഷധ സസ്യങ്ങളാണ് നട്ടത്.
- തൃശൂർ ജില്ലയിൽ മാള ബ്ലോക്കിൽ ഉൾപ്പെടുന്ന കുഴൂർ ഗ്രാമപഞ്ചായത്തിലെ ഐരാണിക്കുളം തൃക്കോവിൽ ക്ഷേത്രത്തിൽ 10 സെന്റ് വിസ്തൃതിയിൽ ദേവ ഹരിതം പച്ചത്തുരുത്തിന് തുടക്കം കുറിച്ചു.

- തൃശൂർ ജില്ലയിൽ സരസ്വതി വിലാസം എൽ പി സ്കൂളിൽ പുതിയ പച്ചത്തുരുത്ത് 5 സെന്റ് ഭൂമിയിൽ സംസ്ഥാന ഔഷധസസ്യ ബോർഡുമായി സഹകരിച്ചുകൊണ്ട് ലഭ്യമാക്കിയ 30 വൃക്ഷത്തൈകൾ ആണ് വെച്ചുപിടിപ്പിച്ചത്. പച്ചത്തുരുത്തിന്റെ തുടർന്നുള്ള പരിപാലനം സ്കൂളിലെ ഈക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ ആയിരിക്കും.
- പാലക്കാട് ജില്ലയിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനായി സ്ഥലങ്ങൾ കണ്ടെത്താൻ വേണ്ടി ജില്ലയിൽ 491 ഓഫീസുകളിൽ ആഗസ്റ്റ് മാസത്തിൽ സർവ്വേ പൂർത്തീകരിച്ചു. അതിൽ 98 സ്ഥാപനങ്ങളിലായി 1213.5 സെന്റ് സ്ഥലം പച്ചത്തുരുത്തിനായി കണ്ടെത്തി.
- വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി – മുത്തങ്ങ – മൈസൂർ നാഷണൽ ഹൈവേക്കരികിൽ വനം വകുപ്പിന്റെ സ്ഥലത്ത് പുതിയ പച്ചത്തുരുത്ത് ഒരുക്കുന്നതിന് വനം വകുപ്പും നൂൽപ്പുഴ ഗ്രാമപഞ്ചായത്തുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു.
- വയനാട് ജില്ലയിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ പാക്കം ഗവൺമെന്റ് എൽ പി സ്കൂളിൽ നിർമിച്ച പുതിയ പച്ചത്തുരുത്തിൽ 71 വിവിധ ഇനം തൈകൾ നട്ടിട്ടുണ്ട്. ശീമക്കൊന്ന കൊണ്ട് ജൈവ വേലിയും നിർമിച്ചിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിൽ ആഗസ്റ്റ് മാസം 3928 സെന്റ് വിസ്തൃതിയിൽ 27 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചു. 450 സെന്റിൽ 4 പുതിയ പച്ചത്തുരുത്തുകൾ നെറ്റ് സീറോ പഞ്ചായത്തായ പിലിക്കോട് നിർമ്മിച്ചവയാണ്.
- സർക്കാർ സ്ഥാപനങ്ങളുടെ ഭൂമികൾ, സ്കൂളുകൾ, ഓഫീസുകൾ, പുറമ്പോക്കുകൾ, നഗര കേന്ദ്രങ്ങളിലും മറ്റ് ഒഴിഞ്ഞുകിടക്കുന്ന പ്രദേശങ്ങളുമെല്ലാം പച്ചത്തുരുത്ത് പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി നിലവിൽ 11 ജില്ലകളിലായി ആകെ 45.96 ഏക്കർ വിസ്തൃതിയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

| പച്ചത്തുരുത്ത് ആഗസ്റ്റ് മാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 128 | 208 | 370 | 980 | 1549 | 0 | 0 | 0 | 0 | 1125 | 1608 |

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 8 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 8 | 3040 | 2349 | 796 |

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം ആഗസ്റ്റ് മാസം വരെ 2349 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 796 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. ആഗസ്റ്റ് മാസത്തിൽ മാത്രം 7 ജില്ലകളിലായി 122 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. ഹരിതസമൃദ്ധി വാർഡുകൾ കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തിരുവനന്തപുരം (230), കാസർഗോഡ് (163), കണ്ണൂർ (125), പത്തനംതിട്ട (60), കൊല്ലം (59), തൃശ്ശൂർ (59), വയനാട് (52) എന്നീ ജില്ലകളാണ്.

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- തിരുവനന്തപുരം ജില്ലയിൽ "ഹരിതസമൃദ്ധിക്കായി പുന്ന തീരം" പരിപാടി നവകേരളം കർമ്മ പദ്ധതി-2 ന്റെ സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ സീമ പുന്ന തൈ CDS ചെയർപേഴ്സൺ നൽകി കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു.
- കൊല്ലം ജില്ലയിൽ ആഗസ്റ്റ് മാസത്തിൽ തൃക്കരുവ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളും, പനയം ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളും ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു. ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ പച്ചക്കറി കൃഷി ആരംഭിക്കുന്നതിനുള്ള നിലമൊരുക്കൽ പ്രവർത്തനം ആരംഭിച്ചു.
- കൊല്ലം ജില്ലയിൽ ചിറക്കര ഗ്രാമപഞ്ചായത്തിലെ പോളച്ചിറ വാർഡിൽ ഹരിത സമൃദ്ധി വാർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. 5 എക്കർ തരിശു പ്രദേശത്ത് നിലം ഒരുക്കൽ പ്രവർത്തി ആരംഭിച്ചു. പട്ടാഴി ഗ്രാമപഞ്ചായത്തിൽ തരിശ് ആയി കിടന്ന ഒന്നര ഏക്കർ സ്ഥലം പച്ചക്കറി കൃഷി ചെയ്യുന്നതിന് വേണ്ടി ഏറ്റെടുത്തു. ഓച്ചിറ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ സഹകരണത്തോടുകൂടി വീടുകളിൽ പച്ചക്കറി വിത്തുകളുടെ വിതരണം ആരംഭിച്ചു.
- കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽ തരിശായി കിടക്കുന്ന ഭൂമിയിൽ 15 ഏക്കറിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 5 ഏക്കറിൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിനും ബാക്കിയുള്ള സ്ഥലങ്ങളിൽ കശുമാവ്, സംരക്ഷിത വനങ്ങൾ തുടങ്ങിയവ നടുന്നതിനും കടച്ചക്ക, പച്ചക്കറി, ചീനി തുടങ്ങിയവ കൃഷി ആരംഭിക്കുവാനും തീരുമാനിച്ചു.
- പത്തനംതിട്ട ജില്ലയിൽ കുന്നന്താനം ഗ്രാമപഞ്ചായത്തിലെ തരിശ് ഭൂമി കൃഷിയോഗ്യമാക്കി വിവിധ യൂണിറ്റുകൾ മുഖാന്തരം കൃഷി ചെയ്യുന്നുണ്ട്. നിലവിൽ 5 യൂണിറ്റുകൾ ആണ് സജീവമായിട്ടുള്ളത്. ഈ യൂണിറ്റുകൾ എല്ലാം ചേർന്നു കൃഷി വകുപ്പ് മുഖേന കൃഷി ചെയ്തു വരുന്നു.
- കോട്ടയം ജില്ലയിൽ പള്ളം ബ്ലോക്കിലെ വിജയപുരം ഗ്രാമപഞ്ചായത്തിൽ വാർഡ് 17 ൽ 5000 പച്ചക്കറി തൈകൾ വിതരണം ചെയ്തു. രണ്ട് മാസത്തിനുള്ളിൽ ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപിക്കാൻ സാധിക്കും.
- എറണാകുളം ജില്ലയിൽ വെണ്ണല എൽ പി സ്കൂളിനെ മികച്ച രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന ഗവൺമെന്റ് സ്കൂളിനുള്ള അവാർഡിനായി തിരഞ്ഞെടുത്തു.
- എറണാകുളം ജില്ലയിൽ തിരുമാറാടി ഗ്രാമപഞ്ചായത്ത്, ഹരിതസമൃദ്ധി വാർഡിലേക്കുള്ള 500 പച്ചക്കറി തൈകൾ ജില്ലാ കോർഡിനേറ്റർ ഗ്രാമപഞ്ചായത്തിന് കൈമാറി. ഇതോടൊപ്പം വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ "ഹരിതസമൃദ്ധി മേക്കപ്പാലയുടെ" ഭാഗമായി എല്ലാ വീടുകളിലും അടുക്കളത്തോട്ടം പദ്ധതിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- എറണാകുളം ജില്ലയിൽ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ 7, 8 എന്നീ വാർഡുകളിലും പിണ്ടിമന ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലും ഹരിത സമൃദ്ധി വാർഡിന്റെ പ്രഖ്യാപനം നടത്തി. ചാത്തൻചിറ ഭാഗത്ത് കൃഷി ഭൂമിയിൽ പച്ചക്കറി കൃഷിയുടെ നടീൽ ഉത്സവം നടത്തിയാണ് പഞ്ചായത്ത് പ്രസിഡന്റ് ഹരിത സമൃദ്ധി വാർഡിന്റെ പ്രഖ്യാപനം നടത്തി.
- എറണാകുളം ജില്ലയിൽ ചക്കരപ്പറമ്പ് ഡിവിഷൻ 46 കൊറ്റംകാവ് ഭഗവതി ക്ഷേത്രത്തിൽ നാരക മരവും തെച്ചിപ്പൂവും വച്ചു പിടിപ്പിക്കുന്ന ചടങ്ങ് കൊച്ചി നഗരസഭ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഉദ്ഘാടനം ചെയ്തു.

- ❖ എറണാകുളം ജില്ലയിൽ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 'വിദ്യാലയങ്ങളിൽ പൂന്തോട്ടം' എന്ന പദ്ധതിയുടെ ഭാഗമായി 7 സ്കൂളുകളിൽ പൂകൃഷി ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ചെണ്ടുമല്ലി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പൂപാലിക പദ്ധതി വാർഡ് 17-ൽ നടത്തി.
- ❖ തൃശൂർ ജില്ലയിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിലെ പഞ്ചവടി ക്ഷേത്രത്തിൽ 4 ഏക്കർ സ്ഥലത്ത് ഗുരുവായൂർ നിയോജകമണ്ഡലം എം.എൽ.എ ദേവഹരിതം പദ്ധതി ഉദ്ഘാടനം ചെയ്തു.
- ❖ പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളും എരിമയൂർ ഗ്രാമപഞ്ചയാത്തിൽ ഒരു വാർഡും ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ചു. അട്ടപ്പാടി ബ്ലോക്കിൽ 21 വാർഡുകളും കുഴൽമന്ദം ബ്ലോക്കിൽ 2 വാർഡുകളും മലമ്പുഴ ബ്ലോക്കിൽ 2 വാർഡുകളും പുതിയതായി ഹരിതസമൃദ്ധി വാർഡാനായി തിരഞ്ഞെടുത്തിട്ടുണ്ട്.
- ❖ വയനാട് ജില്ലയിൽ ദേവഹരിതം പദ്ധതിക്കായി പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ സെന്റ് ജോർജ് ചർച്ച് തിരഞ്ഞെടുത്തിട്ടുണ്ട്. കൃഷി ഭവനുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്.

| കാർഷിക മേഖലയിലെ ആഗസ്റ്റ് മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 75 | 246 | 348 | 632 | 1201 | 0 | 0 | 0 | 0 | 234 | 827 |

## 9. ഹരിത സ്ഥാപനങ്ങൾ

ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| ജില്ല | പരിശോധനകൾ നടത്തിയ സ്ഥാപങ്ങൾ | ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | ബി ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ | ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1787 | 1271 | 338 | 177 |
| കൊല്ലം | 1947 | 976 | 617 | 354 |
| പത്തനംതിട്ട | 1462 | 1012 | 317 | 133 |
| ആലപ്പുഴ | 621 | 459 | 113 | 41 |
| കോട്ടയം | 770 | 518 | 169 | 83 |
| ഇടുക്കി | 531 | 361 | 110 | 60 |
| എറണാകുളം | 1182 | 542 | 361 | 279 |
| തൃശൂർ | 2771 | 2073 | 638 | 60 |
| പാലക്കാട് | 734 | 541 | 131 | 62 |
| മലപ്പുറം | 816 | 450 | 197 | 169 |
| കോഴിക്കോട് | 737 | 380 | 225 | 132 |
| വയനാട് | 247 | 132 | 60 | 49 |
| കണ്ണൂർ | 1062 | 933 | 128 | 1 |
| കാസർകോട് | 976 | 840 | 106 | 30 |
| ആകെ | 15643 | 10488 | 3510 | 1630 |

- ❖ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും ഇന്റൺഷിപ്പ് ട്രെയിനിമാരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- ❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. പരിശോധന കമ്മിറ്റി

വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ ഗ്രേഡ്, ബി ഗ്രേഡ്, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.

- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച്മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- ❖ സ്ഥലവും മറ്റ് പരിമിതികളും കാരണം ചില സ്ഥാപനങ്ങൾക്ക് പച്ചത്തുരുത്ത് ഉൾപ്പെടെയുള്ളവ നടപ്പാക്കാൻ പ്രയാസമുണ്ടാകും എന്നതിനാലാണ് എ ഗ്രേഡ് കിട്ടുന്നവർക്കും ഹരിത സാക്ഷ്യപത്രം നൽകുന്നത്.
- ❖ ആഗസ്റ്റ് മാസം വരെ 15643 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതിൽ 10488 (68%) സ്ഥാപനങ്ങൾക്ക് ഹരിതസ്ഥാപന പദവി ലഭിച്ചിട്ടുണ്ട്.
- ❖ തിരുവനന്തപുരം, കണ്ണൂർ, കാസറഗോഡ്, തൃശൂർ, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകൾ ഏറ്റെടുത്ത സ്ഥാപനങ്ങളിൽ ഇടപെടലുകൾ നടത്തി 70 ശതമാനത്തിനു മുകളിൽ ഹരിതസ്ഥാപനങ്ങളാക്കുകയും ചെയ്തിട്ടുണ്ട്.
- ❖ തൃശൂർ, തിരുവനന്തപുരം, കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിൽ കൂടുതൽ സ്ഥാപനങ്ങളിൽ അസ്സെസ്സ്മെന്റ് നടത്തിട്ടുണ്ട്.
- ❖ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതും, ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ഹരിത പദവിയിൽ എത്തിച്ചതും തൃശ്ശൂർ ജില്ലയാണ്. 2771 സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് നടത്തിയതിൽ 2073 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- ❖ തിരുവനന്തപുരം ജില്ലയിൽ പാറശാല ബ്ലോക്ക്തല ഹരിത വിദ്യാലയ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഹരിത വിദ്യാലയ കലാജാഥ പാറശാല ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നിർവഹിച്ചു.
- ❖ കൊല്ലം ജില്ലയിൽ ആഗസ്റ്റ് മാസത്തിൽ പരവൂർ നഗരസഭ, കൊല്ലം കോർപ്പറേഷൻ, കരവാളൂർ ഗ്രാമപഞ്ചായത്ത്, ആലപ്പാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ 13 സ്കുളുകൾ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചു. കൊല്ലം കോർപ്പറേഷനിലെ ഫാത്തിമ മാത നാഷണൽ കോളേജ്, കുളക്കട ഗ്രാമപഞ്ചായത്തിലെ ബി.എഡ് കോളേജ് വെണ്ടാർ, ടി.ടി.സി വെണ്ടാർ എന്നീ കോളേജുകൾ ഹരിത ക്യാമ്പസായും പ്രഖ്യാപിച്ചു.
- ❖ കൊല്ലം ജില്ലയിൽ അഞ്ചൽ സെന്റ് ജോൺസ് കോളേജ് ഹരിത ക്യാമ്പസാക്കി മാറ്റുന്നതിന്റെ ഭാഗമായി മാലിന്യം വേർതിരിച്ചു സൂക്ഷിക്കുന്നതിന് ബിന്നുകൾ വാങ്ങി. പച്ചത്തുരുത്തിനു 25സെന്റ് സ്ഥലം കണ്ടെത്തിയതിൽ 15 സെന്റിൽ തൈകൾ നട്ടുകൊണ്ട് ഉദ്ഘാടനം നടന്നു. NSS കുട്ടികളെ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനവും തുടങ്ങി. അഞ്ചൽ കൃഷി ഓഫീസിൽ നിന്നും കോട്ടുക്കൽ കൃഷി ഫാമിൽ നിന്നും പച്ചക്കറി തൈകളും വിത്തുകളും നൽകും. ഹരിത കർമ്മസേന കോളേജിൽ എത്തി മാലിന്യം ശേഖരിക്കുന്നതിനുള്ള ഇടപെടലുകളും ചെയ്തു.
- ❖ കൊല്ലം ജില്ലയിൽ ഹരിത വിദ്യാലയം പ്രവർത്തനങ്ങളുടെ ഭാഗമായി വാളത്തുങ്കൽ ഹൈസ്കൂളിൽ മാലിന്യം തരം തിരിക്കുന്നതിനെക്കുറിച്ചും, ഉറവിട മാലിന്യസംസ്കരണം നടത്തുന്നതിനെക്കുറിച്ചും, പ്ലാസ്റ്റിക് കത്തിച്ചാലുള്ള വിപത്തിനെക്കുറിച്ചും, ഗ്രീൻപ്രോട്ടോക്കോൾ പാലിക്കേണ്ടത് സംബന്ധിച്ചും കുട്ടികൾക്ക് ക്ലാസ്സ് നൽകി.
- ❖ കൊല്ലം ജില്ലയിൽ വാളത്തുങ്കൽ ഹൈസ്കൂളിൽ NSS കുട്ടികൾ ഗ്രൂപ്പായി വീടുകളിൽ സന്ദർശനം നടത്തി പ്ലാസ്റ്റിക് കഴുകി വൃത്തിയാക്കി തരം തിരിച്ച് ഹരിത കർമ്മസേനക്ക് നൽകണമെന്നും

ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കണം എന്നും അതിനുള്ള ലളിതമായ മാർഗ്ഗങ്ങളെകുറിച്ചും വീടുകൾതോറും ബോധവൽക്കരണം നടത്തുന്നതിനും തീരുമാനിച്ചു.

- ❖ ആലപ്പുഴ ജില്ലയിൽ മുട്ടാർ സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂളിൽ ഹരിത ക്ലബ്ബ് രൂപികരിച്ചു. 15 വിദ്യാർഥികൾ ആണ് ക്ലബിൽ ഉള്ളത്. ഒക്ടോബർ 2-ന് ഹരിതവിദ്യാലയമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ കോട്ടയം ജില്ലയിൽ ആകെ 770 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ഇതിൽ 154 സ്ഥാപനങ്ങൾക്ക് എ പ്ലസും 389 സ്ഥാപനങ്ങൾക്ക് എ ഗ്രേഡ് ലഭിച്ചു. 63 സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. നാളിതുവരെ 72 വിദ്യാലയങ്ങളാണ് ഹരിത വിദ്യാലയമായി ജില്ലയിൽ പ്രഖ്യാപിച്ചത്.
- ❖ ഇടുക്കി ജില്ലയിൽ നെടുംകണ്ടം ഗ്രാമപഞ്ചായത്തിൽ 2 സ്ഥാപനങ്ങളും, മാങ്കുളം ഗ്രാമപഞ്ചായത്തിൽ 5 സ്ഥാപനങ്ങളും ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു. കുടയത്തൂർ പഞ്ചായത്തിൽ പത്ത് സ്ഥാപനങ്ങൾക്കാണ് സർട്ടിഫിക്കറ്റ് നൽകിയത്.
- ❖ എറണാകുളം ജില്ലയിൽ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന എല്ലാ വിദ്യാലയങ്ങളെയും ഹരിത വിദ്യാലയമാക്കുന്നതിനായി "എന്റെ വിദ്യാലയം ഹരിത വിദ്യാലയം" പദ്ധതി നടപ്പിലാക്കി.
- ❖ എറണാകുളം ജില്ലയിൽ 16 അങ്കണവാടികളെ ഹരിത അങ്കണവാടികൾ ആക്കുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങളും സൂചകങ്ങളും ചർച്ച ചെയ്തു. ജൈവമാലിന്യ ഉപാധികൾ, ഹരിത ബോർഡ് എന്നിവ സ്ഥാപിക്കുന്നതോടെ ഈ അങ്കണവാടികളെ ഹരിത അങ്കണവാടികളാക്കുവാൻ സാധിക്കും.
- ❖ പാലക്കാട് ജില്ലയിൽ 540 ഓഫീസുകൾ ഹരിത ഓഫീസ് പദവി കരസ്ഥമാക്കി. ആകെ പരിശോധന നടത്തിയിട്ടുള്ള 734 സ്ഥാപനങ്ങളിൽ 174 സ്ഥാപനങ്ങൾക്ക് എ പ്ലസ് ഗ്രേഡും, 366 സ്ഥാപനങ്ങൾക്ക് എ ഗ്രേഡും, 131 സ്ഥാപനങ്ങൾക്ക് ബി ഗ്രേഡും ലഭിച്ചു.

| ഹരിത സ്ഥാപനം ആഗസ്റ്റ് മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 312 | 709 | 1762 | 16688 | 18767 | 5 | 202 | 7 | 322 | 832 | 2842 |

- ❖ മലപ്പുറം ജില്ലയിൽ 8 ക്യാമ്പസുകളിൽ പച്ചത്തുരുത്ത് സ്ഥാപിച്ചു. ഒരു ക്യാമ്പസിൽ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു. ക്യാമ്പസുകളിലെ സന്നദ്ധ കൂട്ടായ്മകൾ, പരിസ്ഥിതി മേഖലയിലെ പൂർവ്വ വിദ്യാർഥി സംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ 10 മാസ് ക്ലീനിംഗ് ഡ്രൈവുകൾ സംഘടിപ്പിച്ചു. മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട 5 ക്യാമ്പസുകളുടെ ആഭിമുഖ്യത്തിൽ പ്രാദേശിക ക്യാമ്പയിൻ സംഘടിപ്പിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ഒക്ടോബർ 2 ന് സർക്കാർ കോളേജ്, നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ്, ഗോവിന്ദ പൈ മെമ്മോറിയിൽ സർക്കാർ കോളേജ് എന്നിവ ഹരിതകലാലയങ്ങളായി പ്രഖ്യാപിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

# 10. വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

## 10.1 ഹരിത ടൂറിസം

- ❖ ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 118 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക

ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ❖ ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതിയ സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.

**ഹരിത ടൂറിസം ആഗസ്റ്റ് മാസ അവലോകനം**

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപ്പശാല | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 33 | 129 | 140 | 134 | 376 | 0 | 0 | 1 | 43 | 123 | 446 |

- ❖ പത്തനംതിട്ട ജില്ലയിൽ ഗവി, കൊച്ചുപമ്പ, മൂഴിയാർ എന്നിവിടങ്ങളിലെ ക്യാന്റീനുകളിലും, കഫേകളിലും സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും കപ്പുകളും മാത്രമാണ് ഉപയോഗിക്കുന്നത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും, മാലിന്യങ്ങൾ തരം തിരിച്ച് നിക്ഷേപിക്കുന്നതിനുള്ള ബിന്നുകകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്.
- ❖ ആലപ്പുഴ ജില്ലയിൽ പുന്നമട ഫിനിഷിംഗ് പോയിന്റിലെ പബ്ലിക് അഡ്രസ്സിങ് സിസ്റ്റം പ്രോജക്ടിന് ടെൻഡർ ആവുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.
- ❖ കോട്ടയം ജില്ലയിൽ മർമല, ഇല്ലിക്കൽക്കല്ല്, പുഞ്ചവയൽക്കാറ്റ്, ഇലവീഴാപൂഞ്ചിറ, മുതുകോരമല, ഇല്ലിക്കൽക്കല്ല്, തലനാട് ഭാഗം എന്നീ കേന്ദ്രങ്ങൾ ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. പുതിയ കേന്ദ്രങ്ങളിലെ അവസ്ഥാപഠനം പൂർത്തീകരിക്കാനുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ തൊടുപുഴ ബ്ലോക്കിലെ ഹരിത ടൂറിസം ഡെസ്റ്റിനേഷൻ ആയി തിരഞ്ഞെടുത്തിരിക്കുന്ന മലങ്കര ഡാം ടൂറിസം ഹബ്ബിൽ ഡയപ്പർ മാലിന്യം തള്ളുന്ന സ്ഥലം പരിശോധിക്കുകയും, പഞ്ചായത്തും മറ്റു ഉദ്യോഗസ്ഥരായും ഇടപെടൽ നടത്തുകയും, മാലിന്യങ്ങൾ അവിടുന്ന് നീക്കം ചെയ്യുകയും ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ ആദ്യ മാതൃകാ ഹരിത ടൂറിസം കേന്ദ്രമാകുകയാണ് പാണേലിപോര്. പ്രവർത്തനങ്ങളുടെ ഭാഗമായി മെഗാ ക്ലീൻ ഡ്രൈവ് സംഘടിപ്പിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ പുള്ള് കോൾ ഹരിത ടൂറിസം പ്രവർത്തനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി 82 ലക്ഷം രൂപ അനുവദിച്ചു. 50 ലക്ഷം രൂപ ടൂറിസം വകുപ്പും, 32 ലക്ഷം രൂപ ഗ്രാമപഞ്ചായത്തും പദ്ധതിക്കായി അനുവദിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രമാക്കാൻ തിരഞ്ഞെടുത്ത മംഗലം ഡാം ഒക്ടോബർ 2 നു ഹരിത ടൂറിസമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ശിൽപ്പശാല സെപ്റ്റംബർ 11 നു നടത്താൻ തീരുമാനിച്ചു.
- ❖ കണ്ണൂർ ജില്ലയിൽ പെരളശ്ശേരി ചെറുമാവിലായി റഗുലേറ്റർ കം ബ്രിഡ്ജ് കേന്ദ്രത്തിൽ 2 ബോട്ടിൽ ബൂത്ത് ബിന്നുകൾ പുതുതായി സ്ഥാപിച്ചിട്ടുണ്ട്. പായം ഇക്കോ പാർക്കിൽ ഹരിത ടൂറിസം പ്രവർത്തനങ്ങൾ സെപ്റ്റംബർ മാസം കൊണ്ട് പൂർത്തീകരിച്ച് മാലിന്യ മുക്തം നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി ഒക്ടോബർ രണ്ടിന് മാതൃകാ പരിപാടിയായി പ്രഖ്യാപനം നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ മൊഗ്രാൽപുത്തൂർ പഞ്ചായത്തുകളെ ബന്ധിപ്പിച്ച് മൊഗ്രാൽ പുഴയുടെ ഓരങ്ങളിലെ കണ്ടൽക്കാടുകളും കണ്ടൽത്തുരുത്തുകളും കേന്ദ്രീകരിച്ച് ഹരിത ജലടൂറിസവും ഒപ്പം

തീർത്ഥാടന ടൂറിസവും പ്രാവർത്തികമാക്കാനുള്ള ഡി.പി.ആർ തയ്യാറാക്കാൻ ബ്ലോക്ക് യോഗം തീരുമാനിച്ചു.

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം കേന്ദ്രങ്ങൾക്കുള്ള മാർഗ്ഗരേഖ ജില്ലാ മിഷനുകളിലേക്ക് നൽകിയിട്ടുണ്ട്. അവസ്ഥാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ചർച്ചയും അവതരണവും നടന്നു വരുന്നു. അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രവർത്തികൾക്കും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. അവ ഓരോ മാസവും വിലയിരുത്തുന്നുണ്ട്. സമർപ്പിച്ച പല പ്രൊജെക്ടുകളും അനുമതി വാങ്ങുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട ഇടപെടലുകൾ നടക്കുന്നുണ്ട്.

## 11. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

- ❖ ആഗസ്റ്റ് മാസത്തിൽ 891.03 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 3,727.77 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 479.50 ടൺ ലെഗസി മാലിന്യങ്ങളും, 15.57 ടൺ ഇ-മാലിന്യങ്ങളും, 177.33 ടൺ ചില്ല് മാലിന്യവും 145.55 ടൺ തുണി മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്ക്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 93.02 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെന്ററിംഗ് പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു.

| ശുചിത്വ-മാലിന്യ സംസ്കരണ ആഗസ്റ്റ് മാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപ്പശാല | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 319 | 1580 | 2332 | 3512 | 7081 | 263 | 14115 | 12 | 677 | 905 | 7245 |

- ❖ തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ മംഗലയ്ക്കൽ വാർഡിലെ കുളത്തോട്ടുമലയിൽ "മാലിന്യമുക്തം എന്റെ കാട്ടാക്കട" എന്ന ക്യാമ്പയിൻ പ്രവർത്തനത്തിന്റെ ഉദ്ഘാടനം കാട്ടാക്കട മണ്ഡലം എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ളീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നതിന്റെ ആദ്യ ലോഡ് (ചെരുപ്പ്, ബാഗ്) ഫ്ലാഗ് ഓഫ് ചെയ്തു.
- ❖ ഇടുക്കി ജില്ലയിൽ "ഗ്രീൻകുമളി ക്ലീൻ കുമളി" പദ്ധതിക്കായി അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ MCF, മെഷീനറീസ് എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയിൽ ഒരു കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ ഒരുമിക്കാം വൃത്തിയാക്കാം തീവ്ര ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി മൂലമറ്റം മുതൽ ചെറുതോണി വരെ റോഡ് വൃത്തിയാക്കി. NSS യൂണിറ്റ് ഐ.എച്ച്.ആർ.ഡി. പോളിടെക്നിക് പൈനാവിലെ വിദ്യാർത്ഥികളും ശുചീകരണത്തിൽ പങ്ക് ചെർന്നു.
- ❖ എറണാകുളം ജില്ലയിൽ ക്ഷീരവികസന വകുപ്പും ക്വാളിറ്റി കൺട്രോൾ യൂണിറ്റും ഹരിത കേരളം മിഷൻ മാലിന്യമുക്ത നവകേരളവും സംയുക്തമായി 2024 ആഗസ്റ്റ് 14 ന് അങ്കമാലി ബ്ലോക്ക് ഹാളിൽ വച്ച് ജില്ലയിലെ നിർമ്മല പാൽ സംരംഭണ യൂണിറ്റുകൾക്കായി ശിൽപശാല സംഘടിപ്പിച്ചു.

- ❖ എറണാകുളം ജില്ലയിൽ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലെ 298 അയൽക്കൂട്ടങ്ങളെയും ഒക്ടോബർ 2ന് ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള തീരുമാനം കൈകൊണ്ടു.
- ❖ വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് ദർശന ലൈബ്രറി എന്നിവരുമായി സഹകരിച്ചുള്ള ക്ലീൻ കൂടോത്തുമ്മൽ ക്യാമ്പയിൻ നടന്നു. വാർഡ് മെമ്പരുടെ നേതൃത്വത്തിൽ കൂടോത്തുമ്മൽ ടൗണിലും പരിസരപ്രദേശങ്ങളിലുമാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

## 12. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2024 ജൂലൈ 26, 27 തീയതികളിൽ നടന്ന വകുപ്പ് മേധാവികളുടേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗങ്ങളിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സർവതല സ്പർശിയായി ജനകീയ പങ്കാളിത്തത്തോടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച് 2025 മാർച്ച് 30ന് (അന്താരാഷ്ട്ര ശൂന്യമാലന്യ ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും അവരവരുടേതായ പങ്ക് നിറവേറ്റും വിധത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവ അവയുടെ ചുമതല നിർവഹിക്കും വിധത്തിലാണ് ക്യാമ്പയിൻ നടപ്പാക്കുന്നത്. ഹരിത അയൽക്കൂട്ടം, ഹരിത വിദ്യാലയം, ഹരിത കലാലയങ്ങൾ, ഹരിത സ്ഥാപനം, നീർച്ചാലുകളുടെ ശുചീകരണം, ഹരിത ടൂറിസം, മാലിന്യ രഹിത ടൗണുകൾ, പ്രദേശങ്ങൾ, എന്നിവിടങ്ങളെ സമ്പൂർണ ശുചിത്വത്തിൽ എത്തിക്കുന്നതിന് റെസിഡന്റ്സ് അസോസിയേഷനുകൾ, സർവീസ് സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, പൊതു പ്രസ്ഥാനങ്ങൾ, വിദ്യാർഥികളുടെ സന്നദ്ധ സംഘങ്ങൾ എന്നീ ഘടകങ്ങളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമ്പൂർണ ശുചിത്വ സംസ്ഥാനമെന്ന നേട്ടത്തിലേയ്ക്ക് എത്തിച്ചേരാനാകും വിധത്തിലാണ് ക്യാമ്പയിൻ രൂപകൽപ്പന ചെയ്തിട്ടുള്ളത്

- ❖ കൊല്ലം ജില്ലയിൽ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊട്ടാരക്കര നഗരസഭയിൽ പുലമൺ തോടിന്റെ വീണ്ടെടുക്കൽ ജനകീയമായി നടത്തുന്നതിനായി 'വീണ്ടെടുക്കാം പുലമൺ തോട്' എന്ന ക്യാമ്പയിനാണ് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്.
- ❖ പത്തനംതിട്ട ജില്ലയിൽ കോന്നി ബ്ലോക്കിലെ തണ്ണിത്തോട് പഞ്ചായത്തിൽ എം.സി.എഫ് എക്സ്റ്റൻഷൻ, പ്രമാടം പഞ്ചായത്തിൽ ബയോ ബിൻ വിതരണം, കോന്നി, തണ്ണിത്തോട്, അരുവാപ്പുലം, മൈലപ്ര പഞ്ചായത്തുകളിലെ എല്ലാ സ്കൂളുകളേയും ഹരിത വിദ്യാലയം ആക്കുക എന്നിങ്ങനെയുള്ള പ്രവത്തനങ്ങളാണ് ഒക്ടോബർ 2 ന് നടത്താൻ തീരുമാനിച്ചിരിക്കുന്നത്.
- ❖ പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്കിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിനെ ഒക്ടോബർ രണ്ടിന് സമ്പൂർണ്ണ ശുചിത്വ വാർഡ് പ്രഖ്യാപനം നടത്തുന്നതിന്റെ ഭാഗമായി ജനകീയ പ്രവർത്തനങ്ങൾ നടത്തി. പന്ത്രണ്ടാം വാർഡിലെ മിനി MCF-നെ സമ്പൂർണ്ണ ശുചിത്വ വാർഡ് പ്രഖ്യാപനത്തിന്റെ മുന്നോടിയായി നവീകരിച്ചു. MCF മോടിപിടിപ്പിക്കുകയും ചുറ്റുമുള്ള സ്ഥലം പൂന്തോട്ടമാക്കി മാറ്റുകയും ചെയ്തു. പന്ത്രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന കൃഷി ഭവന് ആ വാർഡിലെ ഒരു വ്യക്തി തന്നെ 50 സ്റ്റീൽ ഗ്ലാസുകൾ നൽകി.
- ❖ ആലപ്പുഴ ജില്ലയിൽ ഒക്ടോബർ 2ന് നടത്തേണ്ട 17 ഉദ്ഘാടന പ്രവർത്തനങ്ങൾ തീരുമാനിച്ചു. വിദ്യാഭ്യാസ വകുപ്പായ എസ്.എസ്.കെയുമായി ചേർന്ന് കുട്ടനാട് താലൂക്കിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.
- ❖ ആലപ്പുഴ ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സംബന്ധിച്ച് സർവീസ് സംഘടനകളുടെ പിന്തുണയോടെ ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഓഫീസുകളിലും കോംപ്ലക്സുകളിലും എംഎൽപി ബിൻ സ്ഥാപിക്കുന്നതിന് ജില്ലാ ട്രഷറി ഓഫീസിൽ ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തുകൊണ്ട് തുടക്കം കുറിച്ചു.
- ❖ കോട്ടയം ജില്ലയിൽ ജില്ലാ നിർവഹണ സമിതി യോഗം സെപ്റ്റംബർ 10-ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ദേവസ്വം, തുറമുഖം, സഹകരണ വകുപ്പ് മന്ത്രി വി.എൻ

വാസവന്റെയും, ജില്ലാ കളക്ടറുടെയും സാനിധ്യത്തിൽ ചേരാൻ തീരുമാനിച്ചു.

- ഇടുക്കി ജില്ലയിൽ ജില്ലാ നിർവഹണ സമിതി യോഗത്തിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തി. വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, മത മേലധ്യക്ഷന്മാർ, സർവീസ് സംഘടന പ്രതിനിധികൾ എന്നിവരെ നേരിൽ കണ്ടു യോഗത്തിലെ പങ്കാളിത്തം ഉറപ്പാക്കുകയും, വകുപ്പ് തല ഉദ്യോഗസ്ഥരെ കത്തുകൾ മുകേനയും അറിയിപ്പ് നൽകി.
- എറണാകുളം ജില്ലയിൽ ക്യാമ്പന്റെ ഭാഗമായി ജില്ല നിർവ്വഹണ സമിതി യോഗം സെപ്റ്റംബർ 4-ന് ജില്ല കോൺഫറൻസ് ഹാളിൽ ചേരുവാൻ തീരുമാനിച്ചു. കോർപറേഷൻ / മുനിസിപ്പാലിറ്റി / ബ്ലോക്ക് / വാർഡ് തല നിർവ്വഹന സമിതി യോഗങ്ങൾക്ക് വേണ്ട തീയതികൾ തീരുമാനിച്ചു വരുന്നു.
- പാലക്കാട് ജില്ലയിൽ ക്യാമ്പയിന്റെ ഭാഗമായി ജില്ലാ, ബ്ലോക്ക്, തദ്ദേശസ്വയംഭരണ, വാർഡ് തല നിർവ്വഹണ സമിതികൾ സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിച്ച് ഒക്ടോബർ 2 നു ആരംഭിക്കാൻ പോക്കുന്ന ജനകീയ ക്യാമ്പയിൻ ഉദ്ഘാടനം നിർവ്വഹിച്ച് ക്യാമ്പയിൻ പ്രവർത്തനം കാര്യക്ഷമമായും സമയബന്ധിതമായും നടത്തുവാൻ തീരുമാനിച്ചു.
- മലപ്പുറം ജില്ലയിൽ ക്യാമ്പയിനിന്റെ ജില്ലാതല നിർവ്വഹണ സമിതിയോഗം സെപ്റ്റംബർ 9-ന് നടത്താൻ തീരുമാനിച്ചു. 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്ഘാടന പ്രവർത്തനങ്ങൾ തീരുമാനിച്ചു. വിദ്യാർത്ഥി / യുവജന / വനിതാ സംഘടനകളുടെയും വിവിധ രാഷ്ട്രീയ പാർട്ടികളുടെയും യോഗത്തിന്റെ തീയതി 4 ഇടങ്ങളിൽ നിശ്ചയിച്ചിട്ടുണ്ട്.
- കോഴിക്കോട് ജില്ലയിൽ ആഗസ്റ്റ് മാസം അഴിയൂർ, ചെങ്ങോട്ടുകാവ്, കൊടിയത്തൂർ ഗ്രാമപഞ്ചായത്തുകളിൽ നിർവ്വഹണ സമിതി രൂപീകരിച്ചു. ജില്ലാ നിർവ്വഹണ സമിതി സെപ്റ്റംബർ-4ന് ചേരുവാൻ തീരുമാനിച്ചു.
- വയനാട് ജില്ലയിൽ ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഒക്ടോബർ 2 നു പൂതാടി ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന കേണിച്ചിറ ടൗൺ ജനകീയമായി ശുചീകരിക്കുന്നതിനു തീരുമാനിച്ചു. മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെപ്റ്റംബർ മാസത്തിൽ മീനങ്ങാടി ടൗൺ പരിസരം ശുചീകരിച്ച് സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ ചെയ്യാൻ തീരുമാനിച്ചു. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ തരുവണ, ആറുവാൾ എന്നീ ടൗൺ പരിസരവും സെപ്റ്റംബർ മാസത്തിൽ ശുചീകരിക്കാൻ തീരുമാനിച്ചു. എല്ലാ വാർഡുകളിലും സെപ്റ്റംബർ മാസം ശുചീകരണ പ്രവർത്തനങ്ങളും മറ്റ് സൗന്ദര്യവത്കരണ പ്രവർത്തനങ്ങളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്
- കാസർഗോഡ് ജില്ലയിൽ ജില്ലാ നിർവഹണ സമിതി യോഗം ആഗസ്റ്റ് 31 ന് ചേർന്നു. ആഗസ്റ്റ് മാസം നീലേശ്വരം ബ്ലോക്ക്, ചെറുവത്തൂർ, ബേഡഡുക്ക ഗ്രാമപഞ്ചായത്ത്തല നിർവഹണസമിതി യോഗം നടന്നു. ജില്ലാതലത്തിൽ യുവജന, രാഷ്ട്രീയപാർട്ടികളുടെ യോഗം നടന്നു.

## 13. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും". പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു. മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

**കാർഷിക പ്രവർത്തനങ്ങൾ**

**13.1) സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI)** - മണ്ണിന്റെ ഗുണമേന്മ

വർദ്ധിപ്പിച്ച് ശാസ്ത്രീയമായ രീതിയിൽ എസ്.എസ്.ഐ മോഡലിലൂടെ കർഷകന് കൂടുതൽ വിളവ് ഉണ്ടാകുക, ഒപ്പം ജി.ഐ ടാഗുള്ള മറയൂർ ശർക്കരയ്ക്ക് കൂടുതൽ മൂല്യം കിട്ടുന്ന തരത്തിലുള്ള വിപണനം വരെ പിന്തുണ നൽകുന്ന തരത്തിൽ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

- ❖ മറയൂർ കരിമ്പ് മൂല്യ വർധനവുമായി ബന്ധപ്പെട്ടു കൂടുതൽ സാധയതകൾ പരിശോധിക്കുന്നതിനായിനും കൂടുതൽ കർഷകരിലേക്കു SSI മാതൃക എത്തിക്കുന്നതിനായി അഗ്രോനേച്ചർ എന്ന ഓർഗനൈസഷനുമായി യോഗം ചേർന്നു
- ❖ SSI മാതൃകയുടെ ബന്ധപ്പെട്ടു തമിഴിലേക്ക് മൊഴി മാറ്റിയ 17 പോസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്.
- ❖ കരിമ്പ് തൈകൾ ഉൽപ്പാദിക്കുന്നതിനായി കൃഷിഭവൻ മുഖാന്തിരം മഴമറ നിർമിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകി.

**13.2) നെൽകൃഷി വികസനം**

- ❖ അടിമാലി ഗ്രാമപഞ്ചായത്തിൽ കൊരങ്ങാട്ടി പാടശേഖരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി കനാലുകൾ നവീകരിക്കുന്നതും, വന്യമൃഗ ശല്യത്തിന് പരിഹാര മാർഗങ്ങൾ അവലംബിക്കുന്നതും, കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പാടശേഖരത്തിലെ ജലസേചന-ജലനിർഗമന പോരായ്മകൾ പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് പാടശേഖരം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തികൾക്ക് ഭരണാനുമതിയും ലഭിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ പാടശേഖരത്തിലെ കർഷകരുടെ ജനകീയ യോഗം വിളിക്കുകയും വിവിധ ഡിപ്പാർട്ട്മെന്റ്കളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിനുള്ള സംയോജിത ഇടപെടലുകൾ നടത്തി.
- ❖ കട്ടമുടി പാടശേഖര രൂപീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി, കട്ടമുടി പാടശേഖരത്തിലെ ഈ സീസണിലുള്ള നെൽകൃഷി ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. നിലം ഒരുക്കുന്നതിനുള്ള പ്രവൃത്തനങ്ങൾ പൂർത്തികരിച്ചു ഞാറു നടീൽ ഉത്സവം നടത്തി. സലിം അലി ഫൗണ്ടേഷനുമായി ചേർന്ന് കർഷകർക്ക് നാടൻ കുറവ ഇനത്തിൽപെട്ട നെൽ വിത്തുകൾ വിതരണം നടത്തിയിരുന്നു. കഴിഞ്ഞ സീസണിൽ 8 ഏക്കർ കൃഷി നടന്ന പാടശേഖരത്തിൽ ഈ വർഷം 15 ഏക്കറിലാണ് കൃഷി നടന്നത്.

**13.2) പുൽതൈല കൃഷിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും**

- ❖ ഓടക്കാലിയിൽ പ്രവർത്തിക്കുന്ന Aromatic and Medicinal plants Research station വഴി തൈലപ്പുൽ കൃഷിക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പുൽതൈല യൂണിറ്റുകൾക്ക് അഗ്രി ബിസിനെസ് എന്റർപ്രൈസ് മാതൃകയിൽ കൃഷി വകുപ്പ് വഴി സഹായം നൽകുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.
- ❖ മറയൂർ ഗ്രാമപഞ്ചായത്തിലെ പുതുക്കുടിയിൽ തൈലപ്പുൽ കൃഷി ചെയ്യുന്ന കർഷകരുടെ യോഗം ചേരുകയും ഫോറസ്റ്റ് പോസ്റ്റ് എന്ന സ്ഥാപനത്തെ സഹകരിപ്പിച്ചുകൊണ്ട് ഉയർന്ന വിലയ്ക്ക് കർഷകർ ഉല്പാദിപ്പിക്കുന്ന പുൽ തൈലം വിപണനം നടത്തുന്നതിനു വേണ്ട സംയോജിത ഇടപെടലുകൾ നടത്തി.

**13.2) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ**

- ❖ **ചിന്നക്കനാൽ ഗ്രാമ പഞ്ചായത് മാലിന്യ സംസകരണം -** ചിന്നക്കനാൽ മാലിന്യ സംസ്കരണ പ്ലാന്റിന് വേണ്ടി പഞ്ചായത്തിന് അനുവദിച്ചു കിട്ടിയ 2 ഏക്കർ സ്ഥലം സന്ദർശിക്കുകയും അതിനു വേണ്ടി പ്ലാൻ തയ്യാറാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
- ❖ **മൂന്നാർ മാലിന്യ സംസ്കരണം** - മൂന്നാറിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഹരിതകേരളം മിഷൻ പ്രോജക്ക് മാനേജ്മെന്റ് യൂണിറ്റ് നേതൃത്വത്തിൽ മൂന്നാർ സന്ദർശിച്ച് നേരിട്ട് സ്ഥിതി വിലയിരുത്തി അവസ്ഥാ പഠന റിപ്പോർട്ട് തയ്യാറാക്കുകയും തുടർ നടപടികൾക്കായി സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. നിലവിലെ പ്രശ്നങ്ങൾ അവ പരിഹരിക്കാനുള്ള നിർദേശങ്ങളും പദ്ധതികൾക്കായുള്ള സ്കീം മാപ്പിങ്ങും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**13.2) ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ**

- **നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം** - നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സസ്യ ജാലങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു മാനുൽ തയ്യാറാക്കിയിട്ടുണ്ട്. നീലക്കുറിഞ്ഞി പഠനകേന്ദ്രത്തെക്കുറിച്ചുള്ള വിവിധ ബോർഡുകൾ കേന്ദ്രത്തിന്റെ മുന്നിലൂടെ പോകുന്ന ദേശിയ പാതയിൽ സ്ഥാപിച്ചു.

## 14. പാറക്വാറി റീച്ചാർജിങ്

ഉപേക്ഷിക്കപ്പെട്ട പാറമടകളിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം, വേനൽ കാലത്തു് കൃഷി, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള സാധ്യത തേടി ഹരിത കേരള മിഷൻ വിവിധ പാറമടകൾ സന്ദർശിച്ചു വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ സാധ്യതയുള്ള 286 ക്വാറികൾ സംസ്ഥാനത്തു കണ്ടെത്തിയിട്ടുണ്ട്. സാധ്യതയുള്ള പാറമടകൾ ഹരിത കേരള മിഷൻ നേരിട്ട് പരിശോധിച്ച് ആയതിൽ ഏറ്റവും മുൻഗണന നൽകേണ്ടവ തിരഞ്ഞെടുത്തു നടപ്പിലാക്കുന്നതാണ്. പാറമടകളിലെ വെള്ളം ഉപയോഗപ്പെടുത്തി കൊണ്ട് കൂടുതൽ പ്രദേശങ്ങളിൽ കൃഷി, സമീപത്തെ കിണറുകളിൽ ജലലഭ്യത, എന്നിവ ലക്ഷ്യമിട്ടുള്ള തുടർ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുണ്ട്.

## 15. തനത് പ്രവർത്തനങ്ങൾ

**സമഗ്ര കൊട്ടാരക്കര -** കൊല്ലം ജില്ലയിൽ കൊട്ടാരക്കര നിയോജക മണ്ഡലം സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് എം.എൽ.എ കൂടിയായ ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൃഷിയും അനുബന്ധ മേഖലകളും, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണവും ടൂറിസവും, ജീവനോപാധി, മാലിന്യസംസ്കരണം എന്നീ പ്രധാന 5 മേഖലകളിലാണ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നത്. ജലസുരക്ഷ ഉറപ്പാക്കുന്നതിനോടൊപ്പം വൃത്തിയുള്ള വെള്ളം, നീരൊഴുക്ക്, കുടിവെള്ളം എന്നിവ ഉറപ്പു വരുത്തും. കൃഷിയുമായി ബന്ധപ്പെട്ട് പുതിയ കൃഷി രീതികളും വരുമാനം കൂടുതൽ ലഭിക്കുന്ന കൃഷികളും, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതികളും ഇതിലൂടെ പ്രദേശവാസികൾക്ക് വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള പ്രാദേശിക ടൂറിസവും മെച്ചപ്പെടുത്തും. ഒരു ലക്ഷം തെങ്ങിൻ തൈകളും ഒരു ലക്ഷം അത്യുൽപാദന ശേഷിയുള്ള കശുമാവിൻ തൈകളും, കല്ലട ആറിന്റെ തീരങ്ങളിൽ ഒരു ലക്ഷം മുള തൈകളും വെച്ചുപിടിപ്പിക്കും. കൊട്ടാരക്കര മണ്ഡലം സമ്പൂർണ്ണ മാലിന്യ മുക്തമാക്കുന്നതിനായി ജനകീയ ക്യാമ്പയിൻ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മാതൃകാ പരമായി നടപ്പിലാക്കും. ജനങ്ങളുടെ വരുമാനം ഉറപ്പാക്കുന്നതിനും തൊഴിൽ ലഭിക്കുന്നതിനുമായി വിവിധ ജീവനോപാധി പദ്ധതികളും മണ്ഡലത്തിൽ നടപ്പിലാക്കും. ഹരിത കേരളം മിഷൻ വ്യവസായ വകുപ്പ്, കൃഷി വകുപ്പ് കുടുംബശ്രീ തുടങ്ങി വിവിധ വകുപ്പുകളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

## 16. ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി

പാലക്കാട് ജില്ലാ പഞ്ചായത്ത് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന സംയോജിത പരിപാടിയാണ് ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി. ജില്ലയിലെ ഏറ്റവും പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴയെ നാനാ പ്രവർത്തനങ്ങളിലൂടെ പുനരുജ്ജീവിപ്പിച്ച് ജലസമൃദ്ധമാക്കുകയും ജലദൗർലഭ്യം പരിഹരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. ജലാശയങ്ങളിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനും ജലാശയങ്ങളെയും പുഴയോരങ്ങളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും സഹായകരമായ ഒരു ജനകീയ പുഴയോര ശുചീകരണ പരിപാടി വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടുകൂടിയാണ് ഈ ജനകീയ പരിപാടി ജില്ലയിൽ വിജയകരമായി പൂർത്തൂകരിച്ചു.

# ലൈഫ് മിഷൻ

**ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.08.2024 വരെ കരാറിലേർപ്പെട്ട 5,14,573 ഗുണഭോക്താക്കളിൽ 4,08,108 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ/ വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്)- (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,28,478 | 3,28,782 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 31,053 | 25,720 |
| ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,14,573** | **4,08,108** |

**2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ**
**വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2024-25 (ബജറ്റ് പ്രഖ്യാപനം) - 1,00,000
2023-24-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം
പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 1,00,052
2024-25-ൽ പുതിയതായി കരാറിലേർപ്പെട്ടവർ - 10,963
**ആകെ** - **1,11,015**

25-2024 വർഷം പൂർത്തീകരിച്ച വീടുകൾ - 4,550
പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 1,06,465
റൂഫ് - 15,072
ലിൻറിൽ - 15,251
ബേസ്മെന്റ് - 17,621
നിർമ്മാണം ആരംഭിച്ചവർ - 48,459
നിർമ്മാണം ആരംഭിക്കാത്തവ - 10,062
**ആകെ** **- 1,06,465**

| 2024 ജൂലൈ വരെ | 2024 ആഗസ്റ്റ് മാസം | 2024 ആഗസ്റ്റ് വരെ |
|---|---|---|
| **4,06,768** | **1,340** | **4,08,108** |

**അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

| | | |
|---|---|---|
| വീട് വേണ്ടവർ | - | 8,629 |
| വീടും സ്ഥലവും വേണ്ടവർ | - | 7,484 |
| **ആകെ** | **-** | **16,113** |

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 4,255 കുടുംബങ്ങളിൽ 2,175 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം**

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | **3,66,590** |
| ഭൂരഹിത ഭവനരഹിതർ | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 2024 ആഗസ്റ്റ് മാസം വരെ 99,971 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്**

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| **തിരുവനന്തപുരം** | 43022 | 10544 |
| **കൊല്ലം** | 33474 | 7904 |
| **പത്തനംതിട്ട** | 10310 | 4545 |
| **ആലപ്പുഴ** | 30385 | 8090 |
| **കോട്ടയം** | 17348 | 5454 |
| **ഇടുക്കി** | 26038 | 2786 |
| **എറണാകുളം** | 23168 | 6739 |
| **തൃശൂർ** | 27714 | 7863 |
| **പാലക്കാട്** | 57631 | 8177 |
| **മലപ്പുറം** | 33521 | 18973 |
| **കോഴിക്കോട്** | 20491 | 7708 |
| **വയനാട്** | 17130 | 2675 |
| **കണ്ണൂർ** | 12004 | 5057 |
| **കാസർഗോഡ്** | 14354 | 3456 |
| **ആകെ** | **366590** | **99971** |

| 2024 ജൂലൈ വരെ | 2024 ആഗസ്റ്റ് മാസം | 2024 ആഗസ്റ്റ് വരെ |
|---|---|---|
| **96,323** | **3,648** | **99,971** |

**മനസ്സോടിത്തിരി മണ്ണ്**

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2024 ആഗസ്റ്റ് മാസം വരെ 3201.739 സെന്റ് (32.01739 ഏക്കർ) ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1809.815 സെന്റ് (18.09815 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

**ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി**

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതാണെന്ന് കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം MoU തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**ലയൺസ് - ലൈഫ് ഭവനപദ്ധതി**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും, കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്തും, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുമാണ് വീട് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. MoU തയ്യാറാക്കി അംഗീകാരത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

**ഭവനസമുച്ചയ നിർമ്മാണ പുരോഗതി**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

### ഭൗതികസൗകര്യ വികസനം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5 കോടി | 141 | 138 | 3 |
| 3 കോടി | 386 | 174 | 212 |
| 1 കോടി | 446 | 180 | 266 |
| **ആകെ** | **973** | **492** | **481** |

### അക്കാദമിക പ്രവർത്തനങ്ങൾ

ഗുണമേന്മാവിദ്യാഭ്യാസം, അച്ചീവ്മെന്റ് ടെസ്റ്റുകൾ, 100 ദിന കർമ്മപരിപാടി, ഭൗതിക സൗകര്യ വികസനം എന്നിവ സംബന്ധിച്ച വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനായി ഓഗസ്റ്റ് മാസം പതിനാലാം തീയതി ജില്ലാ കോർഡിനേറ്റർമാരുടെ ഓൺലൈൻ യോഗം സംഘടിപ്പിച്ചു. മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം ഉൾചേർക്കുന്നത് സംബന്ധിച്ച മിഷൻ യോഗം നടന്നു.

### സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതി

ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ പഠിക്കുന്ന കട്ടികളുടെ അടിസ്ഥാന ഭാഷ, ഗണിതശേഷികൾ, പരിസരത്തെ നിരീക്ഷിക്കാനും ആർജ്ജിച്ച കഴിവുകൾ ജീവിത പരിസരവുമായി ബന്ധപ്പെടുത്തുന്നതിനും വേണ്ട ശേഷികൾ എന്നിവ നിശ്ചിത ഘട്ടത്തിനകത്ത് തന്നെ കൈവരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സമഗ്രഗുണമേന്മാവിദ്യാഭ്യാസ പദ്ധതി വഴി കഴിയേണ്ടതുണ്ട്. അഞ്ച് മുതൽ ഏഴുവരെ ക്ലാസ്സുകൾ പരിഗണിക്കുമ്പോൾ അതത് ഘട്ടങ്ങളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന അറിവും കഴിവും ശേഷിയും കുട്ടികളിൽ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം വയ്ക്കേണ്ടത്. ഇതിന്റെ ഭാഗമായി സി ആർ സി സി കോഡിനേറ്റർമാർ, ട്രെയിനർമാർ എന്നിവർക്കുള്ള ഫീൽഡ് തല ശാക്തീകരണപരിപാടികൾ ജില്ലകളിൽ നടന്നു. പൊതുവിദ്യാലയങ്ങളുടെ അക്കാദമികനിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും ലക്ഷ്യംവയ്ക്കുന്ന പരിശീലന പരിപാടികളാണ് നടന്നത്.

- ആലപ്പുഴ ജില്ലയിൽ' ഗുണമേന്മാവിദ്യാഭ്യാസ വിദ്യാലയാനുഭവ പരിപാടി സമഗ്രശിക്ഷാ കേരളത്തിലെ ട്രെയിനർമാരുടെയും ക്ലസ്റ്റർ കോർഡിനേറ്റർമാരുടെയും നേതൃത്വത്തിൽ ആരംഭിച്ചു. ഫോക്കസ് സ്കൂളുകളിൽ ട്രൈ ഔട്ട് ക്ലാസുകളും പിന്തുണയും നൽകിവരുന്നു.
- മലപ്പുറം ജില്ലയിൽ സമഗ്ര ഗുണമേന്മ പദ്ധതിക്കായി 133 വിദ്യാലയങ്ങളാണ് തെരഞ്ഞെടുത്തത്. സി ആർ സി സി മാർക്കും ട്രെയിനർമാർക്കുമുള്ള പരിശീലനം പൂർത്തിയാക്കി. വിദ്യാലയങ്ങളിൽ എസ് ആർ ജി ചേർന്ന് ആവശ്യമായ ആസൂത്രണം നടത്തി.
- കണ്ണൂർ ജില്ലയിൽ പഠനോപകരണ നിർമ്മാണ ശിൽപശാല സംഘടിപ്പിച്ചു. 08.08.2024 ന് എം യു പി സ്കൂൾ മാട്ടൂലിൽ ഒന്നാം ക്ലാസിലെ രക്ഷിതാക്കൾക്കുള്ള പഠനോപകരണ ശില്പശാല നടന്നു. പഠന ലക്ഷ്യവുമായി ബന്ധപ്പെട്ട എല്ലാ യൂണിറ്റിലും വരുന്ന പാഠഭാഗങ്ങൾക്കാശ്യമായ പഠനോപകരണങ്ങളാണ് തയ്യാറാക്കിയത്. രക്ഷിതാക്കൾ പഠനോപകരണങ്ങൾ നിർമ്മിക്കുമ്പോൾ വിദ്യാർത്ഥികൾ ഓരോ ചിത്രത്തിലും കളർ നൽകി സഹായിച്ചു. വിവിധതരം പക്ഷികൾ പൂക്കൾ, മുഖംമൂടികൾ, പാവകൾ, ഗണിതസാധ്യതയുള്ള വിവിധ പഠനോപകരണങ്ങൾ എന്നിങ്ങനെ 200 ലധികം പഠനോപകരണങ്ങൾ നിർമ്മിച്ചു. ഇവയെല്ലാം ക്ലാസിലെ ഓരോ കുട്ടികൾക്കും പഠന

പ്രവർത്തനത്തിന്റെ ഭാഗമായി നൽകും.

- ❖ കാസർഗോഡ് ജില്ലയിൽ **വൈവിധ്യ - കലാപരിശീലനം** ജില്ലാതല ഉദ്ഘാടനം നടന്നു. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ ഉന്നമനത്തിനായി സമഗ്രശിക്ഷാ കേരള കാസറഗോഡും കാസറഗോഡ് ജില്ലാ പഞ്ചായത്തും ചേർന്ന് നടപ്പിലാക്കുന്ന തനതു വിദ്യാഭ്യാസ പദ്ധതിയാണ് വൈവിധ്യം. അടിസ്ഥാന മേഖലകളിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് വൈവിധ്യയിലൂടെ നടപ്പിലാക്കുന്നത്. ഓരോ മേഖലകളുടെയും ഫലപ്രദമായ നിർവ്വഹണത്തിന് ഓരോ ബി.ആർ.സി.യെയും ചുമതലപ്പെടുത്തി.

### ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം - മഞ്ചാടി

ഗണിത പഠനത്തിന് കേരളസർക്കാർ കെ ഡിസ്ക് മുഖേന വികസിപ്പിച്ച ശിശു സൗഹൃദ ഗണിതശാസ്ത്ര പഠന പദ്ധതിയാണ് മഞ്ചാടി. ചിന്തയുടെ വികാസം ഉറപ്പാക്കി പ്രശ്നപരിഹരണത്തിന് ഊന്നൽ നൽകുന്ന രീതിയാണ് മഞ്ചാടി പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. മഞ്ചാടി പഠനരീതി സംസ്ഥാനത്തെ 100 വിദ്യാലയങ്ങളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്താകെ തെരഞ്ഞെടുക്കപ്പെട്ട 28 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 72 വിദ്യാലയങ്ങളിലുമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. 100 വിദ്യാലയങ്ങളിലെ അഞ്ചാം ക്ലാസിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആരംഭിച്ചത്. ഭിന്നസംഖ്യ എന്ന ആശയമാണ് ആദ്യഘട്ടത്തിൽ പുതിയരീതിയിൽ കുട്ടികളിൽ എത്തിച്ചത് .

100 സ്കൂളുകളിൽ അഞ്ചാം തരത്തിൽ ഭിന്നസംഖ്യാധാരണ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ 2023-24 അക്കാദമിക വർഷം ആരംഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷം അഞ്ചാം ക്ലാസുകളിൽ സംഖ്യാധാരണ ഉറപ്പിക്കുന്നതിന് വേണ്ട പാഠ്യരീതി വികസിപ്പിക്കാൻ തീരുമാനിച്ചു. അതിലേക്കായി തുടക്ക വിലയിരുത്തൽ എന്ന രീതിയിൽ കഴിഞ്ഞ അധ്യയന വർഷം പഠനം പൂർത്തിയാക്കിയ കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ഫീഡ്ബാക്ക് എടുത്തിരുന്നു. 100 വിദ്യാലയങ്ങളിലെയും മഞ്ചാടി പദ്ധതി നടപ്പിലാക്കിയ അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് മൂന്ന് ക്ലസ്റ്റർ ആയി സംഖ്യാധാരണ ഉറപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ ജൂൺ മാസത്തിൽ സംഘടിപ്പിച്ചു. തുടർന്ന് ഈ അധ്യയന വർഷം മുതൽ പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചു.

മലപ്പുറം ജില്ലയിലെ മഞ്ചാടി പ്രവർത്തനം നിലമ്പൂർ ഐ.ജി.എം.ആർ.എച്ച്. എസ്.എസ് ൽ പുരോഗമിക്കുന്നു. ഓഗസ്റ്റ് മാസത്തിൽ 15 ദിവസമാണ് ക്ലാസ് നടന്നത്. ഈ പ്രവൃത്തി ദിവസങ്ങളിൽ ശരാശരി 36 കുട്ടികളാണ് ക്ലാസ് പ്രവർത്തനങ്ങളിൽ പങ്കെടുത്തത്. ഒരു മുറി ഭിന്നസംഖ്യാ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഭിന്നസംഖ്യകളെ വലുതിൽ നിന്ന് ചെറുതിലേക്കും ചെറുതിൽ നിന്ന് വലുതിലേക്കും ക്രമീകരികരിച്ച് എഴുതാൻ സാധിച്ചു. 100 വരെയുള്ള സംഖ്യാമാല കൂടുതൽ കുട്ടികളും സംഖ്യകൾ ഓരോന്നായി എണ്ണിത്തിട്ടപ്പെടുത്തുന്നു - കുറച്ച് കുട്ടികൾ 10 ന്റെ ഘടന മനസിലാക്കി എണ്ണുന്നു. കുട്ടികളോട് സംഖ്യാമാലയിൽ 36, 39, 45 എന്നിങ്ങനെയുള്ള സംഖ്യകൾ എവിടെയാണെന്ന് കണ്ടെത്താൻ പറയുമ്പോൾ കുട്ടികൾ 10ന്റെ ഘടന ഉപയോഗിച്ച് എണ്ണി കണ്ടെത്തി.

കാസർകോട് ജില്ലയിൽ മഞ്ചാടി പദ്ധതിയുടെ ഭാഗമായി പ്രഥമാധ്യാപകരുടെ യോഗം വിളിച്ചു ചേർത്തു. കേരള സർക്കാർ കെ ഡിസ്ക് മുഖേന വികസിപ്പിച്ചെടുത്ത മഞ്ചാടി പദ്ധതി നടപ്പിലാക്കുന്ന വിദ്യാലയങ്ങളിലെ പ്രഥമധ്യാപകരുടെ യോഗം ചന്തേര ഗവൺമെന്റ് യു പി സ്കൂളിൽ 09.08.2024 ന് നടന്നു. മഞ്ചാടി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ വിജയിച്ചതിന്റെ ഭാഗമായി പ്രഥമാധ്യാപകരെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് യോഗം ചേർന്നത്. ബിആർസി പരിധിയിലെ തിരഞ്ഞെടുക്കപ്പെട്ട 11 സ്കൂളുകളിലാണ് മഞ്ചാടി പദ്ധതി നടപ്പിലാക്കി വരുന്നത്. മഞ്ചാടി പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ പ്രഥമാധ്യാപകർ പങ്കുവച്ചു. ചന്തേര ഗവൺമെന്റ് യുപി സ്കൂളിൽ നടന്ന യോഗത്തിൽ ട്രൈ ഔട്ട്ക്ലാസ് സംഘടിപ്പിച്ചു കൊണ്ട് കുട്ടികൾ നേടിയ നേട്ടങ്ങൾ അധ്യാപകരെ ബോധ്യപ്പെടുത്താൻ സാധിച്ചു. നോട്ട് പുസ്തകത്തിലേക്ക് എഴുത്ത് വരാത്തത് പല രക്ഷിതാക്കൾക്കിടയിലും ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് രക്ഷിതാക്കളെ

ബോധവൽക്കരിക്കാനുള്ള ഇടപെടൽ ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടാകണമെന്ന് പ്രധമാധ്യാപകർ ആവശ്യപ്പെട്ടു. അതനുസരിച്ച് രക്ഷാകർതൃ യോഗങ്ങൾ നടന്നുവരുന്നു.

### വർണ്ണക്കൂടാരം

പ്രീ-സ്കൂൾ വിദ്യാഭ്യാസം ആകർഷകമാക്കുന്നതിന് നിരവധിയായിട്ടുളള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ചെറിയ പ്രായത്തിൽ തന്നെ പ്രവർത്തനാധിഷ്ഠിത ഇടങ്ങൾ ഒരുക്കി പഠനം ആകർഷകമാക്കി മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് വർണ്ണക്കൂടാരം പദ്ധിതിയിലൂടെ ലക്ഷ്യമിടുന്നത്.

- ❖ ആലപ്പുഴ ജില്ലയിൽ 2023-24 വർഷത്തെ വർണ്ണക്കൂടാരം പ്രവർത്തനങ്ങൾ പൂർത്തീകരണത്തിലേക്ക് എത്തുന്നു. 38 വിദ്യാലയങ്ങളിലാണ് വർണ്ണക്കൂടാരം ഒരുക്കിയിട്ടുള്ളത്.
- ❖ ഇടുക്കി ജില്ലയിലെ 45 സ്കൂളുകളിൽ വർണ്ണക്കൂടാരങ്ങൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. 4 ഇടങ്ങളിൽ ഉദ്ഘാടനം പൂർത്തിരിച്ചിട്ടുണ്ട്.
- ❖ മലപ്പുറം ജില്ലയിൽ 2023-24 വർഷം 52 വിദ്യാലയങ്ങളിലാണ് വർണ്ണക്കൂടാരം വിഭാവനം ചെയ്തിട്ടുള്ലത്. അതിൽ 22 വിദ്യാലയങ്ങളിൽ പ്രവർത്തന ക്ഷമമായി.

### ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം

അനുഭവാധിഷ്ഠിത പഠനത്തിലൂടെ സാമൂഹികമായി അഭികാമ്യമായ മൂല്യബോധം കുട്ടികളിൽ വളർത്താനും വികസിപ്പിക്കാനും സഹായകമായ സമഗ്രപദ്ധതിയാണ് "ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം". 'ഹരിതം' എന്നതുകൊണ്ട് വിഭാവനം ചെയ്യുന്നത് പച്ചപ്പുള്ള സ്കൂൾകാമ്പസ്സ് എന്നതിനപ്പുറം ആരോഗ്യക്ഷമമമായ കുട്ടികളുടെ കാമ്പസ്സ് എന്നത് കൂടിയാണ്. കുട്ടികളിൽ നിർബന്ധമായും ഉളവാകേണ്ടുന്ന പൗരബോധവികാസത്തിനും ജനാധിപത്യവൽക്കരണത്തിനും കൂടി സഹായകമാകും വിധമാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കട്ടികളിൽ പൗരബോധം വികസിക്കുന്നതിനും ജനാധിപത്യ പ്രക്രിയകൾ ഉൾക്കൊള്ളുന്നതിനുമുള്ള രീതിയിലുള്ള പദ്ധതികൾ എന്ന കാഴ്ചപ്പാടോടെ രൂപപ്പെടുത്തിയതാണ് 'ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം പദ്ധതി'. സമഗ്രവ്യക്തിത്വവികാ സത്തെക്കുറിച്ച് ശരിയായ അവബോധം വളർത്തിയെടുക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഒരു ദീർഘകാല വിദ്യാഭ്യാസനിക്ഷേപം എന്ന നിലയിലാണ് ഈ ക്യാമ്പയിനെ സമീപിക്കുന്നത്. ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം പദ്ധതിക്ക് തയ്യാറാക്കിയ രൂപരേഖ വികസിപ്പിച്ചു.

ശുചിത്വ കാമ്പയിന്റെ ഭാഗമായും പരിസ്ഥിതിദിനത്തോടനുബന്ധിച്ചും ഇടുക്കി ജില്ലയിലെ മുഴുവൻ സ്കൂകൂളുകളിലും, ജൈവവൈവിധ്യ ഉദ്യാനം അനുവദിച്ച സ്കൂളുകളെ പ്രത്യേകമായും കേന്ദ്രീകരിച്ച് പരിസ്ഥിതിദിനാചരണം ജനകീയമായി നടത്തുവാൻ സാധിച്ചു. വിദ്യാർത്ഥികളിൽ ഇത്തരത്തിലുള്ള സാമൂഹ്യ സേവനത്തെക്കുറിച്ചുള്ള പ്രായോഗിക ജ്ഞാനം രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2022-23 വർഷം മുതൽ പൊതുവിദ്യാസ വകുപ്പിന്റെ ഭാഗമായി തെരഞ്ഞെടുത്ത 20 സ്കൂളുകളിൽ നടപ്പിലാക്കുന്ന സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീമിൽ ഉൾപ്പെടുത്തിയും പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.

### ജലഗുണനിലവാര പരിശോധന ലാബുകൾ

- ❖ കോട്ടയം ജില്ലയിൽ ഹരിത കേരളം മിഷന്റെ മുൻകൈയ്യിൽ ജലഗുണനിലവാര പരിശോധനകൾ 30 സ്കൂളുകളിൽ ആരംഭിച്ചു. ജില്ലാതല ഉദ്ഘാടനം 27.08.2024 ന് കുമരകം ഗവ:വൊക്കേഷണൽ ഹയൽ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു.
- ❖ ഇടുക്കി ജില്ലയിൽ 5 മണ്ഡലങ്ങളിലായി 36 സ്കൂളുകളിൽ ജലഗുണത പരിശോധന ലാബുകൾ പ്രവർത്തിക്കുന്നു. ഇത് കൂടാതെ 17 സ്കൂളുകളിൽ കൂടി പുതിയതായി ലാബ്' അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയട്ടുള്ളതാണ്.

### തനത് പരിപാടികൾ

കൊല്ലം ജില്ലയിൽ എസ് ബി വി എസ് ജി എച്ച് എസ് എസ് പന്മന മനയിൽ സ്കൂളിൽ കുട്ടികൾക്ക് മൂന്ന് നേരം ഭക്ഷണം കൊടുക്കുന്ന പദ്ധതി ആരംഭിച്ചു. മുൻപ് ഉച്ചഭക്ഷണത്തോടൊപ്പം സായാഹ്നഭക്ഷണം

സ്കൂളിൽ ഏർപ്പെടുത്തിയിരുന്നു. ഇപ്പോൾ പ്രഭാതഭക്ഷണം കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. നിരവധി കുട്ടികൾ പ്രഭാത ഭക്ഷണം കഴിക്കാതെ സ്കൂകൂളിൽ എത്തുന്നു എന്ന കണ്ടെത്തൽ ആണ് ഇത്തരത്തിൽ മൂന്ന് നേരം ഭക്ഷണം എന്ന ആശയത്തിലേക്ക് സ്കൂൾ അധികൃതർ എത്തിച്ചേരാൻ കാരണമായത്. അധ്യാപകർ, പി ടി എ ഭാരവാഹികൾ, ജനപ്രതിനിധികൾ, നാട്ടുകാർ, രക്ഷിതാക്കൾ എന്നിവർ പദ്ധതിക്ക് പിന്തുണ പ്രഖ്യാപിച്ച് ഒപ്പം ചേർന്നിട്ടുണ്ട്.

**YIP (Young Innovators Program) :** പുത്തനാശയ രൂപവത്കരണത്തിന്റെ ജനാധിപത്യവത്കരണം ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കുന്ന യംഗ് ഇന്നവേറ്റേഴ്സ് പരിപാടിയുടെ ഭാഗമായി ഹൈസ്കൂൾ തലം മുതൽ ഗവേഷണ തലം വരെയുള്ള വിദ്യാർഥികൾക്കായി നടപ്പാക്കുന്ന വൈ ഐ പി ശാസ്ത്രപഥം പരിശീലന പരിപാടിക്ക് തുടക്കമായി. വിദ്യാർത്ഥികളിലെ ശാസ്ത്രാഭിരുചിയും നൈപുണിയും വളർത്താൻ നൂതന ആശയങ്ങളുമായി വൈഐപി ശാസ്ത്രപഥം എല്ലാ ജില്ലകളിലും ആരംഭിച്ചു.

**സ്കിൽ ഡെവലപ്മെന്റ് സെന്റർ :** സമഗ്ര ശിക്ഷ കേരള സംസ്ഥാനത്തിലെ 14 ജില്ലകളിലും പൈലറ്റ് പ്രൊജക്റ്റ് എന്ന നിലയിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ഈ വർഷം ആരംഭിച്ചിരുന്നു. സംസ്ഥാനമൊട്ടാകെ 2024 ഏപ്രിൽ മാസം പ്രവേശനോത്സവത്തോടുകൂടി ക്ലാസുകൾ ആരംഭിക്കുകയും ഓൺ ദി ജോബ് ട്രെയിനിങ് അടക്കം വിവിധ വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് പ്രായോഗിക പരിശീലനമടക്കമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

**പഠനപരിപോഷണ പരിപാടി ഹെൽപ്പിംഗ് ഹാന്റ് :** 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി എസ് എസ് കെ വഴി നടപ്പിലാക്കുന്ന പഠനപരിപോഷണ പരിപാടിയായ (LEP- linguistics enhancing program) ഹെൽപ്പിംഗ് ഹാന്റ്, കൊല്ലം ജില്ലയിലെ എല്ലാ ഉപജില്ലകളിലും ആരംഭിച്ചു. പ്രോജക്ട് അവതരണ ശിൽപ്പശാലകൾ സി ആർ സി, ബി ആർ സി തലങ്ങൾ പൂർത്തിയായി. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച പ്രോജക്ടുകൾക്ക് എസ് എസ് കെ വഴി സാമ്പത്തിക പിന്തുണ നൽകുന്ന കാര്യം പരിഗണിച്ച് വരുന്നു.

**സ്മാർട്ട് ഇൻഡസ്ട്രി റെഡിനെസ്സ് പ്രോഗ്രാം :** സംസ്ഥാന സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പ് (വി എച്ച് എസ് ഇ) - CGCC സമഗ്രശിക്ഷാ കേരളം, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ (ADAK) എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ കൊല്ലം ജില്ലയിലെ ആയിരംതെങ്ങ് ഗവൺമെന്റ് ഫിഷ്' ഫാമിൽ വച്ച VHSE ഫിഷറീസ് സംബന്ധമായ കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി 60 ദിവസം നീണ്ടുനിന്ന സ്മാർട്ട് ഇൻഡസ്ട്രി റെഡിനെസ് പ്രോഗ്രാം നടത്തി.

**സചിത്ര പുസ്തകം** : പാലക്കാട് ജില്ലയിലെ പ്രൈമറി വിദ്യാലയങ്ങളിലെ രണ്ടാം ക്ലാസ് കുട്ടികൾക്ക് എഴുത്തിന്റെ മേഖലയിൽ ഇനി പുതിയ ആസ്വാദന തലങ്ങൾ. കുട്ടികളുടെ മാനസിക നിലവാരത്തെയും വൈജ്ഞാനിക നിലവാരത്തെയും കൃത്യമായി പരിഗണിച്ചുകൊണ്ട് കുട്ടികളെ സ്വതന്ത്ര രചയിതാക്കളാക്കുന്ന രീതിയിലുള്ള ഉള്ളടക്കം ഉൾപ്പെടുത്തിക്കൊണ്ടുള്ള സചിത്ര പുസ്തകങ്ങൾ ജില്ലയിലെ 13 ബി ആർ സി കളിലും ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ കുറച്ചുകാലമായി രക്ഷിതാക്കളും അധ്യാപകരും ആവശ്യപ്പെട്ട കുട്ടികളുടെ വിജയവും ക്രിയാത്മകമായി പ്രതികരിച്ചതിനുള്ള തെളിവുമാണ് സചിത്ര പുസ്തകം. പ്രൈമറി തലത്തിൽ ഭാഷ പഠനത്തിൽ പുതിയ മികവുകൾ സൃഷ്ടിക്കാൻ പുസ്തകത്തിന്റെ ഉള്ളടക്കത്തിന് കഴിയും എന്നാണ് അധ്യാപകരുടെ അനുഭവം.

**സമ്പൂർണ്ണ സ്കൂൾ പ്രവേശനയജ്ഞം :** മലപ്പുറം ജില്ലയിൽ സമ്പൂർണ്ണ സ്കൂൾ പ്രവേശനയജ്ഞം കർമ്മസമിതി രൂപീകരിച്ചു. പൊതുവിദ്യാലയങ്ങളിൽ എല്ലാ ദിവസങ്ങളിലും ഹാജരാകാതിരിക്കുകയോ പഠനം പാതിവഴിയിൽ നിർത്തലാക്കുകയോ ചെയ്യുന്ന കുട്ടികളുടെ പഠനതുടർച്ച ഉറപ്പുവരുത്തുന്നതിനു വേണ്ടി ജനപ്രതിനിധികളുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ തിരികെ എന്ന പേരിൽ കർമസമിതി രൂപികരിച്ചു. സ്കൂൾ രജിസ്റ്ററിൽ പേരുള്ളവരും എന്നാൽ തുടർച്ചയായി സ്കൂളിൽ ഹജരാകുത്തവരുമായ കുട്ടികൾ, വിവിധ കാരണങ്ങളാൽ പഠനം നിർത്തിയ കുട്ടികൾ

എന്നിവരെ കണ്ടെത്തി കർമസമിതിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതാണ് 'തിരികെ' പദ്ധതി ലക്ഷ്യമാക്കുന്നത്. ഓരോകുട്ടികളുടെയും പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനും പൊതുസമൂഹത്തിന്റെ പിന്തുണയോടെ പ്രശ്നങ്ങൾ പരിഹരിച്ച് സമയബന്ധിതമായി കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനും വേണ്ടി സ്പെഷ്യൽ പഞ്ചായത്ത് എജ്യുക്കേഷൻ കമ്മിറ്റികളും മുനിസിപ്പൽ എജ്യുക്കേഷൻ കമ്മിറ്റികളും വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പ്, സമഗ്രശിക്ഷാ കേരളം, ഗ്രാമ പഞ്ചായത്തുകൾ, നഗരസഭ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്, എക്സൈസ്, കേരള മഹിളാസമഖ്യ സൊസൈറ്റി, വനംവകുപ്പ്, ജനമൈത്രി പോലീസ്, സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ എന്നിവയുടെ ഏകോപനത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്.

**പ്രവർത്തിപരിചയ ശില്പശാല :** മലപ്പുറം ജില്ലയിൽ ഭിന്നശേഷി കുട്ടികൾക്ക് പ്രവർത്തിപരിചയ ശില്പശാല നടത്തി. നിലമ്പൂർ ഉപജില്ലയിലെ വിവിധ സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് വേണ്ടി നിലമ്പൂർ ബിആർസിയിൽ വച്ച് പ്രവർത്തിപരിചയ ശില്പശാല നടത്തി. ഫാബ്രിക് പെയിൻറിംഗ്, വെജിറ്റബിൾ പ്രിന്റിംഗ്, ത്രഡ് പാറ്റേൺ, അഗർബത്തി നിർമ്മാണം എന്നീ മേഖലകളിലാണ് 85 കുട്ടികൾക്ക് പരിശീലനം നൽകിയത്. ദിന്നശേഷി കുട്ടികളെ അക്കാദമിക മേഖലയിലും പാഠ്യേതരമേഖലകളിലും പ്രത്യേക പരിശീലനങ്ങൾ നൽകിക്കൊണ്ട് മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടിയാണ് ശില്പശാല നടത്തിയത്. നിലമ്പൂർ നഗരസഭയുടെയും നിലമ്പൂർ ബി ആർ സിയുടെയും സംയുക്ത ആഭിമുഖ്യത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്.

**കളി ഉപകരണങ്ങൾ :** നിലമ്പൂർ നാഷണൽ സർവിസ് സ്കീം മലപ്പുറം ഈസ്റ്റ് ജില്ലയുടെ സ്നേഹോപഹാരമായി നിലമ്പൂർ നേതാജി സുഭാഷ് ചന്ദ്രബോസ് ആവാസിയ് വിദ്യാലയ് വിദ്യാർഥികൾക്ക് കളി ഉപകരണങ്ങൾ നൽകി. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം കുട്ടികൾക്ക് പിന്തുണ നൽകുന്നതുമായി ബന്ധപ്പെട്ട ആശാകിരൺ, തെളിമ എന്നീ പദ്ധതികൾ പ്രകാരമാണ് എൻഎസ്എസ് വളണ്ടിയർമാർ നിലമ്പൂർ ബിആർസിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഷെൽട്ടർ ഹോസ്റ്റലിലെ വിദ്യാർഥികൾക്ക് കളി ഉപകരണങ്ങൾ നൽകിയത്. അത്‌ലറ്റിക്സ് ഗെയിംസ് ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഷെൽട്ടർ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് എൻഎസ്എസ് എടക്കര ക്ലസ്റ്റർ കൺവീനർ കളി ഉപകരണങ്ങൾ കൈമാറി.

**പ്രിസം പദ്ധതി :** പ്രിസം പദ്ധതി മന്ത്രിതല യോഗം കോഴിക്കോട് വച്ച് നടന്നു. കേരള സർക്കാർ പ്രത്യേക അംഗീകാരവും അനുമതിയും നൽകി, കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ തിരെഞ്ഞെടുത്ത 10 സർക്കാർ വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന പ്രിസം പദ്ധതിയുടെ അവലോകന യോഗം ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടക്കാവ് ഗവ വി എച്ച് എസ് എസിൽ ആഗസ്റ്റ് 17 ന് രാവിലെ 9 മണിക്ക് നടന്നു. ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പ് അധികാരികൾ, സ്കൂൾ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. കേരളത്തിന് മാതൃകയാവുന്ന തരത്തിൽ നടപ്പിലാക്കിയ പ്രിസം പദ്ധതി സർക്കാർ മേൽനോട്ടത്തിൽ നടക്കുന്നതാണെന്നും തുടരേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

**NAS (National Achievement Survey) ചോദ്യപേപ്പർ വർക്ക്ഷോപ്പ്** : 2024 നവംബർ 19 ന് നടക്കുന്ന NAS സർവ്വേയ്ക്ക് മുൻപ് 3,6,9 ക്ലാസുകളിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി ജില്ലാ തലത്തിൽ മാതൃകാ ചോദ്യശേഖരം തയ്യാറാക്കി തുടങ്ങി. ഇതിന്റെ ഭാഗമായി ഉപജില്ലകളിൽ അധ്യാപകർ, ആർ പി മാർ ബി ആർ സി ട്രെയിനർമാർ സി ആർ സി മാർ എന്നിവർ പങ്കെടുക്കുന്ന ചോദ്യപേപ്പർ നിർമ്മാണ ശിൽപ്പശാലകൾ ജില്ലകളിൽ പൂർത്തിയായി വരുന്നു.

**സ്റ്റേറ്റ് അച്ചീവ്മെന്റ് ടെസ്റ്റ് (SAT)** ന്റെ ഭാഗമായി സ്പെഷ്യൽ ക്ലസ്റ്റർ ജില്ലകളിൽ സംഘടിപ്പിക്കുന്നു. 3,6,9 ക്ലാസുകളിലെ അധ്യാപകർക്കായി ഉപജില്ലാതല പരിശീലനങ്ങൾ നടന്നു. പ്രതിവാര പരീക്ഷകൾ സ്കൂളുകളിൽ നടന്നുവരുന്നു. മൂന്ന് മാതൃകാ പരീക്ഷകൾ തീരുമാനിച്ചിരുന്നതിൽ ഒന്നാമത്തേത്

30.08.2024 ൽ നടന്നു. ഒ എം ആർ ഷീറ്റ്, ചോദ്യപേപ്പറുകൾ എന്നിവ ബി ആർ സി കൾവഴി വിതരണം ചെയ്തിരുന്നതിനാൽ മാതൃകാ പരീക്ഷ പ്രതിവാര പരീക്ഷകളേക്കാൾ ഫലപ്രദമായി നടത്താൻ സ്കൂളുകൾക്ക് കഴിഞ്ഞു.

**ചൂരൽമല ഉരുൾ പൊട്ടൽ**

2024 ജൂലൈ 30ന് പുലർച്ചെ വയനാട്, വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിലെ വെള്ളാർമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം എന്നീ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ വ്യാപകമായ നാശനഷ്ടങ്ങളും നൂറുകണക്കിന് ആളുകൾക്ക് ജീവഹാനിയും സംഭവിക്കുകയുണ്ടായി. ചൂരൽമല ഉരുൾപൊട്ടലിൽ പ്രദേശത്തെ ജി.വി.എച്ച്.എസ്.എസ്. വെള്ളാർമല, ജി.എൽ.പി.എസ്. മുണ്ടക്കൈ എന്നീ വിദ്യാലയങ്ങൾക്ക് വ്യാപകമായ നാശനഷ്ടങ്ങളുണ്ടായി. കേരള സർക്കാരിന്റെയും വയനാട് ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ ജനപ്രതിനിധികളും പ്രവർത്തകരുമുൾപ്പെടെ എല്ലാ സംവിധാനങ്ങളുടെയും ഏകോപനത്തിലാണ് രക്ഷാപ്രവർത്തനങ്ങൾ നടന്നത്. വിദ്യാകിരണം മിഷൻ രക്ഷാപ്രവർത്തനങ്ങളിൽ പൂർണ്ണമായും പങ്കാളികളായി. പ്രസ്തുത ദുരന്തത്തിൽ ജി.വി.എച്ച്.എസ്.എസ്, വെള്ളാർമല, ജി.എൽ.പി.എസ്, മുണ്ടക്കൈ എന്നിവിടങ്ങളിലേ തുൾപ്പെടെ 53 വിദ്യാർത്ഥികൾ മരണപ്പെട്ടു. ദുരന്തത്തിൽപ്പെട്ട വിദ്യാലയങ്ങളിലെ പിടിഎ, എസ്എംസി ചുമതലക്കാരുടെയും അധ്യാപകരുടെയും പ്രത്യേകം യോഗങ്ങളും ജില്ലയിലെ അധ്യാപക സംഘടന പ്രതിനിധികളുടെയും വിവിധ വകുപ്പ് ചുമതലക്കാരുടെയും പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ സന്നദ്ധ സേവന സംവിധാനങ്ങളുടെയും പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്ത് ആവശ്യമായ ഇടപെടലുകൾ ഉറപ്പാക്കി.

ക്യാമ്പുകളിൽ ഉള്ള ദുരന്തത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് റിക്രിയേഷൻ ക്ലാസുകളും ക്യാമ്പുകളായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ കുട്ടികൾക്ക് സാധ്യമാവുന്നത്ര ഓൺലൈൻ ക്ലാസുകളും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു. സ്കൂൾ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കി. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം വെള്ളാർമല, മുണ്ടക്കൈ സ്കൂളുകൾ പ്രവർത്തിക്കുന്നതിന് മേപ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ക്യാമ്പസിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. താൽക്കാലിക പുനരധിവാസം പൂർത്തിയായി ദുരിതാശ്വാസക്യാമ്പുകൾ ഒഴിവായ ഉടൻ തന്നെ മേപ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ശുചീകരിക്കുകയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്തു.

ജി. വി. എച്ച്. എസ്. എസ്. വെള്ളാർമലയ്ക്കായി മേപ്പാടി ജി.എച്ച്.എസ്. എസ് ൽ നിലവിൽ ലഭ്യമായ ക്ലാസ്മുറികൾ പുനക്രമീകരിച്ചു. മുണ്ടക്കൈ എൽ.പി സ്കൂൾ പ്രവർത്തിക്കുന്നതിന് മേപ്പാടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സൗകര്യങ്ങൾ ഒരുക്കി. ക്ലാസ് മുറികൾ, ലാബുകൾ, ടോയ്‌ലറ്റ് സൗകര്യങ്ങൾ, പാചകപ്പുര, കുടിവെള്ളം, ഫർണിച്ചർ എന്നിവയെല്ലാം ഒരുക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും സമയബന്ധിതമായി മുഴുവൻ സൗകര്യങ്ങളും സമഗ്രശിക്ഷാ കേരള, വിവിധ സ്പോൺസർമാർ തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ പിന്തുണയോടെ ലഭ്യമാക്കുകയും ചെയ്തു.

ദുരന്തത്തിൽപ്പെട്ട വിദ്യാലയങ്ങൾക്കും, ജി.എച്ച്.എസ്.എസ് മേപ്പാടി, ജി.എൽ.പി.എസ് മേപ്പാടി എന്നീ വിദ്യാലയങ്ങൾക്കും രണ്ടുവർഷത്തെ സ്കൂൾ ഗ്രാൻഡ് യുദ്ധകാല അടിസ്ഥാനത്തിൽ ലഭ്യമാക്കി ദുരന്തത്തിൽ തകർന്ന വിദ്യാലയങ്ങളിലെ 607 വിദ്യാർത്ഥികളും മേപ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ 1882 കുട്ടികളും പഠനം നടത്തുന്ന ജിഎച്ച്എസ്എസ് മേപ്പാടിയിൽ മുഴുവൻ കുട്ടികൾക്കും ആവശ്യമായ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സമഗ്രമായ പദ്ധതി രൂപരേഖ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് നൽകി.

**പൊതുവിദ്യാഭ്യാസ വകുപ്പ് ജില്ലാതല ഇടപെടലുകൾ :** 30-7-24-ന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരുടെ ഓൺലൈൻ യോഗം വിളിച്ചുചേർത്ത് മുഴുവൻ അധ്യാപകർ, അധ്യാപകർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ സന്നദ്ധസേവന സംവിധാനങ്ങൾ എല്ലാം ദുരന്ത ദുരിതാശ്വാസ

പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ നിർദ്ദേശം നൽകി. വകുപ്പ് നടത്തിയ പ്രവർത്തനങ്ങളോടൊപ്പം സജീവമായി വിദ്യാകിരണം പങ്കാളിയായി.

02-08-2024 ന് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ച മേപ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ രണ്ടു വിദ്യാലയങ്ങളിലെയും അധ്യാപകരുടെ യോഗം വിളിച്ചുചേർത്ത് മുഴുവൻ കുട്ടികളെയും നേരിട്ടോ ഫോൺ വഴിയോ ബന്ധപ്പെട്ട് കൃത്യമായി വിവരങ്ങൾ ശേഖരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ദുരന്തത്തിൽ തകർന്ന വിദ്യാലയങ്ങളിലെ കുട്ടികൾക്ക് തുടർപഠനം ഉറപ്പാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ബദൽ സൗകര്യങ്ങൾ ഏർപ്പെടുന്നതിനായി സമീപപ്രദേശത്തുള്ള വിദ്യാലയങ്ങളിലെ ഉൾപ്പെടെ ലഭ്യമായ സൗകര്യങ്ങൾ നേരിട്ട് പരിശോധിക്കുകയും നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്തു 03-08-2024 - ന് ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ചേർത്ത ഓൺലൈൻ യോഗത്തിൽ തകർന്ന സ്കൂളുകളിലെ കുട്ടികൾക്ക് പഠനസൗകര്യം ഏർപ്പെടുത്തുന്നതിന് ലഭ്യമായ സൗകര്യങ്ങൾ ഉൾപ്പെടെ ജില്ലയിലെ സാഹചര്യങ്ങൾ റിപ്പോർട്ട് ചെയ്തു. പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ചത് പ്രകാരം 06-08-2024 ന് ബഹു. പൊതുവിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ജില്ലയിൽ യോഗം ചേരുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു.

**ഏകദിന പരിശീലനം :** ദുരന്തബാധിതരുടെ മാനസിക സമ്മർദ്ദം ലഘുകരിക്കുന്നതിനും കുട്ടികളുടെ പ്രതികരണങ്ങൾ മനസ്സിലാക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും അധ്യാപകരെ ശാക്തീകരിക്കുന്നതിനായി മേപ്പാടിയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു.

ചൂരൽമല ദുരന്തം - മാനസികാരോഗ്യ പിന്തുണ: ഉരുൾപൊട്ടലിൽ തകർന്ന വെള്ളാർമല, മുണ്ടക്കൈ സ്കൂളുകളിലെ അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി സമഗ്ര ശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ മാനസികാരോഗ്യ പിന്തുണാ പരിപാടി സംഘടിപ്പിച്ചു. പിന്തുണാ പ്രവർത്തനത്തിന് ആവശ്യമായ മോഡ്യൂൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി ആവശ്യകത വിശകലനവും മോഡ്യൂൾ തയ്യാറാക്കലും മുൻനിർത്തി ത്രിദിന ശില്പശാല സംഘടിപ്പിച്ചു.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| **താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം** | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 7 (26%) | 13 |
| മൂന്നാം ഘട്ടം | 8 | 2 (25%) | 4 |
| **ആകെ** | **43** | **15 (35%)** | **17** |
| **സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 76 | 54 (71%) | 8 |
| രണ്ടാം ഘട്ടം | 76 | 18 (23%) | 25 |
| **ആകെ** | **152** | **72 (47%)** | **33** |
| **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 170 | 166 (98%) | 3 |
| രണ്ടാം ഘട്ടം | 504 | 439 (87%) | 18 |
| മൂന്നാം ഘട്ടം | 212 | 89 (42%) | 41 |
| **ആകെ** | **886** | **694 (78%)** | **62** |

## 2) വാർഷിക ആരോഗ്യ പരിശോധന (അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ)

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി സംസ്ഥാന-ജില്ലാ തല പരിശീലനങ്ങൾ പൂർത്തിയായി.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസത്തോടെ ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 31/8/2024 വരെ 16,91,102 വ്യക്തികളുടെ സർവേ പൂർത്തിയായി. 01/08/2024 മുതൽ 31/08/24 വരെ 15,69,358 (8.85%) വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 7,82,836 (50%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 39,116 (2.5%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 56,509 (3.6%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 71,911 (4.5%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയതിൽ 31/08/2024 വരെ 15,679 (ആകെ പരിശോധിച്ചവരിൽ 20%) പേർക്ക് രക്താതിമർദ്ദവും 1340 (ആകെ പരിശോധിച്ചവരിൽ 1.7%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി. 01/08/2024 മുതൽ 31/08/24 വരെ 10,761 (20.3%) പേർക്ക് പുതിയതായി രക്താതിമർദ്ദവും

885 (1.6%) പേർക്ക് പ്രമേഹവും കണ്ടെത്തിയിട്ടുണ്ട്.

- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 2,87,111 (18.2%) പേരുടേയും പ്രമേഹം മാത്രമുള്ള 1,37,642 (8.7%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 01/08/2024 മുതൽ 31/08/24 വരെ 15,69,358 (8.85%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ ഇതുവരെ 39,116 (2.5%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്. ഈ പോർട്ടൽ വഴി 10/09/2024 വരെ 49,123 വ്യക്തികളുടെ പരിശോധന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വായിലെ ക്യാൻസർ, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി എന്നീ പരിശോധനാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.
- മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.

❖ വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി 29/08/24 ന് ബഹു; മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

## 4) നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ) പരിശോധന മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.

❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ മാപ്പിംഗ് പൂർത്തീകരിക്കുന്നതിന് വേണ്ടി വിശദമായ മാപ്പിങ് ടൂൾ തയ്യാറാക്കി ജില്ലകളിലേക്ക് നൽകുകയും ജില്ലകളിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ ക്രോഡീകരണം പൂർത്തിയാക്കുകയും ചെയ്തു. ജില്ലകളിൽ നിർണ്ണയ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിവിധ ഡൊമൈനുകളിൽ ഉൾപ്പെടുന്ന പരിശോധനകൾ പൂർത്തീകരിക്കുവാൻ സാധിക്കുന്ന സ്പോക്കുകളുടേയും പ്രാഥമിക, ദ്വിതീയ ഹബ് ലാബുകളുടെയും മാപ്പിംഗ് നടത്തി ജില്ലകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

❖ പത്തനംതിട്ട ജില്ലയിൽ അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റുകളും, കോട്ടയം ജില്ലയിൽ എഎംആർ, ക്യാൻസർ, മൈക്രോബയോളജി ടെസ്റ്റുകളും, തൃശൂർ ജില്ലയിൽ എഎംആർ ടെസ്റ്റുകളും, കൊല്ലം ജില്ലയിൽ എഎംആർ, ക്യാൻസർ ടെസ്റ്റുകളും ഹബ്ബ് ആന്റ് സ്പോക്ക് ലാബ് സംവിധാനത്തിലൂടെ നടന്നു വരുന്നു.

❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 35 തരം പരിശോധനകൾക്ക് ഹബ്ബ് ആൻഡ് സ്പോക്ക് നെറ്റ്‌വർക്ക് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

❖ എല്ലാ ജില്ലകളിലെയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.

❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 46 ഹോമിയോ ഡോക്ടർമാർക്കും നൽകി.

ഇതോടൊപ്പം വിവിധ ജില്ലകളിലായി 1000 ത്തിലധികം ആയുർവേദ ഡോക്ടർമാർക്കും 327 പാരാമെഡിക്കൽ സ്റ്റാഫിനും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള 10 ജില്ലാതല പരിശീലനങ്ങൾ നടത്തി.

- ❖ നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- ❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടു കൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
- ❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാംഘട്ട സർവേയിൽ 01/08/2024 മുതൽ 31/08/24 വരെ 15,69,358 (8.85%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 18,310 (1.1%) കിടപ്പുരോഗികളും 29,722 (1.9%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 5,18,215 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു.
- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 235 പേർ പരിശീലനം നേടി.
- ❖ സന്നദ്ധ സേന ഡയറക്ടറേറ്റുമായി സഹകരിച്ച് സാന്ത്വന പരിചരണത്തിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 'കൂടെ' എന്ന പേരിൽ ഒരു ക്യാമ്പയിനും ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ തയ്യാറുള്ള ആർക്കും സന്നദ്ധ സേന ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്തവർക്ക് സർക്കാർ/എൻ.ജി.ഒ/സി.ബി.ഒ മേഖലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പിന്തുണയോടെ നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള പാലിയേറ്റീവ് കെയർ പരിശീലനം നൽകും.
- ❖ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിക്കാനും കിടപ്പ് രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താനുമുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റുവെയർ സംവിധാനം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൌത്യം (NHM), കേരള സാങ്കേതിക സർവകലാശാല (KTU), ഡിജിറ്റൽ യൂണിവേഴ്സിറ്റി (DUK), Startup Mission, ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരള എന്നിവയുടെ സഹകരണത്തോടെ

നടന്നു വരുന്നു.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും ബന്ധപ്പെട്ട വകുപ്പുകളെ ഒത്തൊരുമിപ്പിച്ച് നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- ❖ ആദ്യഘട്ടമായി പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 2021-ൽ ആരംഭിച്ച പദ്ധതിയുടെ കാലയളവ് അഞ്ച് വർഷമാണ്.
- ❖ മൂന്നാം വർഷ പ്രവർത്തനങ്ങളുടെ പ്രൊപോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ ഹൈലെവൽ എംപവേർഡ് കമ്മറ്റി അംഗീകരിക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ ഏകാരോഗ്യം പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യവകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള പരിശീലന മൊഡ്യൂളിന്റെയും കൈപ്പുസ്തകത്തിന്റെയും കരട് തയ്യാറാക്കി. 2024 ജൂലൈ 29, 30 തീയതികളിൽ തൈക്കാട് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൻഫെയറിന്റെ കോൺഫറൻസ് ഹാളിൽ നടന്ന ശില്പശാലയിൽ വിവിധ വകുപ്പുകളിൽ നിന്നായി 37 ഉദ്യോഗസ്ഥർ പങ്കെടുത്തു. ഇതിനു മുന്നോടിയായി 2024 ഏപ്രിൽ 8ന് ആസൂത്രണ ശില്പശാലയും ഏപ്രിൽ 19, 20 തീയതികളിൽ ആരോഗ്യ വകുപ്പിലെയും 29, 30 തീയതികളിൽ അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കു ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാലയും സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവയുടെ കരട് തയ്യാറാക്കിയിട്ടുള്ളത്. കേരള സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെൻററിനാണ് പരിശീലന പരിപാടികളുടെ ചുമതല.
- ❖ പമ്പാബേസിൻ ജില്ലകളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റു വകുപ്പുകളെ സഹകരിപ്പിച്ചുകൊണ്ട് സംയോജിത പകർച്ചവ്യാധി പരിശോധന നടത്തുക (Joint Outbreak Investigation) എന്നതാണ് ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സംയോജിത പരിശോധന നടത്തേണ്ട രോഗങ്ങൾ ഏതൊക്കെയെന്ന് തീരുമാനിക്കുന്നതിനും പ്രവർത്തന മാർഗ്ഗരേഖ (Standard Operating Procedure for Joint Outbreak Investigation) തയ്യാറാക്കുന്നതിനുമായി വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ആസൂത്രണ ശില്പശാല സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ശില്പശാലയിൽ ഡെങ്കിപ്പനി, ചിക്കുൻ ഗുനിയ, സിക്ക, AES, ജപ്പാൻജ്വരം, വെസ്റ്റ് നൈൽ ഫീവർ, വയറിളക്ക രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ് A, ഹെപ്പറ്റൈറ്റിസ് E, ഭക്ഷണത്തിൽ കൂടി പകരുന്ന രോഗങ്ങൾ, എലിപ്പനി, പക്ഷിപ്പനി, എം പോക്സ്, നിപ എന്നീ രോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനായി സംയോജിത പരിശോധന നടത്തുന്നതിന് തീരുമാനമാകുകയും അവയ്ക്കുള്ള പ്രവർത്തന മാർഗ്ഗരേഖയുടെ കരട് വിദഗ്ധ പരിശോധന നടത്തി അന്തിമ രൂപത്തിലാക്കുന്നതിനും 2024 ജൂലൈ 31ന് ശില്പശാല സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ കോൺഫറൻസ് ഹാളിൽ നടന്ന ശില്പശാലയിൽ വിവിധ വകുപ്പുകളിൽ നിന്നായി 24 ഉദ്യോഗസ്ഥർ പങ്കെടുത്തു. ആരോഗ്യ കുടുബക്ഷേമ- ആയുഷ് വകുപ്പുകളുടെ അഡിഷണൽ ചീഫ് സെക്രട്ടറി മാർഗ്ഗരേഖ തയ്യാറാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി.
- ❖ ലാബ് നെറ്റുവർക്കും രോഗ നിരീക്ഷണ സംവിധാനങ്ങളും ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെയും ഏകാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളിലെയും 62 ലാബുകളിലെ ജീവനക്കാരെ ബോധവത്ക്കരിക്കുകയും പ്രത്യേകമായി തയ്യാറാക്കിയ ടൂൾ ഉപയോഗിച്ച് ഓരോ ലാബുകളുടെയും പോരായ്മകൾ പഠിക്കുകയും ലാബുകൾ സമർപ്പിച്ച

ആവശ്യങ്ങൾ ടെക്നിക്കൽ കമ്മറ്റി വിലയിരുത്തി 9 ലാബുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 1.03 കോടി രൂപ KMSCLന് കൈമാറുകയും ചെയ്തിരുന്നു. ഉപകരണങ്ങൾ KMSCL വിതരണം ചെയ്തു വരുന്നു.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- 2025 ഓടെ മലേറിയയും 2027 ഓടെ മന്ത് രോഗവും 2026 ഓടെ കാലാ അസാറും 2025 ഓടെ ക്ഷയരോഗവും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ജില്ലകളിലെ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെയും എന്റമോളജി യൂണിറ്റുകളുടെയും രൂപീകരണം നിലവിലെ രോഗ നിവാരണ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ സഹായകമാകും.
- 2023ൽ കോഴിക്കോട്, കൊല്ലം, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലും 2024ൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും തദ്ദേശീയമായ മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്തു. 2024 ൽ സംസ്ഥാനത്താകെ ഇതുവരെ 276 മലേറിയ കേസുകളും 4 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തദ്ദേശീയമല്ലാത്ത കേസുകൾ വർദ്ധിച്ചു വരുന്നതും മലേറിയ വാഹകരായ കൊതുകുകളുടെ എണ്ണം മിക്ക ജില്ലകളിലും വർദ്ധിച്ചു വരുന്നതും സംസ്ഥാനത്തെ മലേറിയ നിവാരണത്തിന് വെല്ലുവിളിയാവുന്നു.
- എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മലേറിയ നിവാരണത്തിന്റെ ഭാഗമായുള്ള പ്രീവാലിഡേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- കേരളത്തിലെ 11 ജില്ലകളിൽ മന്ത് രോഗം തദ്ദേശീയമായി തന്നെ നിലനിൽക്കുന്നു. കാലാവസ്ഥാ വ്യതിയാനവും രോഗവാഹകരായുള്ള കൊതുകുകളുടെ സാന്നിധ്യവും ഈ രോഗങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും 2028 ഓടെ മന്ത് രോഗം സംസ്ഥാനത്ത് നിന്നും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കിടയിലും മന്ത് രോഗ നിവാരണത്തിന്റെ ഭാഗമായുള്ള സ്ക്രീനിങ് നടന്നു വരുന്നു.
- മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖല സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
- കാലാ അസാർ സംസ്ഥാനത്തെ ഹെൽത്ത് ബ്ലോക്കുകളിൽ 10000 പേരിൽ ഒരാളിൽ താഴെ എന്ന രീതിയിൽ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2027 ഓടെ സംസ്ഥാനതലത്തിൽ പൂർണമായും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാലാ അസാറുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും വെക്ടർ സർവൈലൻസ് പ്രവർത്തനങ്ങളും നടന്നു വരുന്നു. കാലാ അസാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും അങ്കണവാടികൾ കേന്ദ്രീകരിച്ച് സർവേകളും നടത്തി വരുന്നു.
- 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും NTEP പ്രോഗ്രാമിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ഇതിൽ 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 48 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 82 |
| നിർമ്മാണം പൂർത്തിയായവ | 50 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 48 |
| നിർമ്മാണം പുരോഗമിക്കുന്നവ | 34 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 6 |

- ❖ നിലവിൽ ഐസോലേഷൻ വാർഡുകളുടെ നിർമ്മാണം നടത്തുന്ന ഏജൻസിയെ (M/s TDLC) ഒഴിവാക്കാനായി കിഫ്ബി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.
- ❖ നിർമ്മാണം പൂർത്തിയായ 20 വാർഡുകളിൽ വൈദ്യുതി, വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.
- ❖ നിർമ്മാണ പ്രവർത്തി പൂർത്തിയാക്കാനുള്ള 32 സ്ഥലങ്ങളിൽ KIIFB-KMSCL സംയുക്തമായി ചേർന്ന് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ “ആരോഗ്യഭേരി” നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ “ജീവതാളം” ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ❖ ഇടുക്കി ജില്ലയിൽ “ആരോഗ്യജീവനം” ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.
- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.

❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

❖ ഇതിനായി SHSRC യിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRC യുടെയും 19 എണ്ണത്തിന് IEC യുടെയും അംഗീകാരം ലഭിച്ചു.

❖ ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് അനുമതി നൽകുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.

❖ SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.

❖ കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.

❖ SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

❖ ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.

❖ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം

ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.

- കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് 2024 ജൂലൈ 2 ന് പ്രാഥമിക യോഗം നടത്തി, കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- SHSRC നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 36 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 25 എണ്ണത്തിന്റെ വിവരശേഖരണവും ഡാറ്റാ അനാലിസിസും പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ ന്റെ ധനസഹായത്തോടെ 4 പദ്ധതികളും KSACS/NACO യുടെ ധനസഹായത്തോടെ 6 പദ്ധതികളും നടന്നു വരുന്നു.

## ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി

- നിലവിൽ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 217 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.
- സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4394 മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എംഎൽഎസ്പി) നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനക്കാരുടെ പുതുക്കിയ ചുമതലകളെയും സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചും സംസ്ഥാന-ജില്ലാ തല ഉദ്യോഗസ്ഥർക്കായി ശില്പശാല നടത്തി.
- ജനകീയ ആരോഗ്യ കേന്ദ്ര ടീം പ്രവർത്തനങ്ങളെയും സ്ഥാപന-ഫീൽഡ് തല സേവനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി ജീവനക്കാർക്കായി സംസ്ഥാന തലത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു.
- പുതിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെയും ജീവനക്കാരുടെ ചുമതലകളെയും സംബന്ധിച്ചുള്ള ജില്ലാതല പരിശീലനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്ര ജീവനക്കാർക്കും സൂപ്പർവൈസർമാർക്കുമായി സംഘടിപ്പിച്ചു.
- ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ നിന്നും പ്രതിമാസം ശരാശരി 9 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.
- **വെൽ വുമൺ ക്ലിനിക്കുകൾ:** ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 4 ക്ലിനിക്കുകൾ എങ്കിലും നടത്തുന്നതായും ഒരു ക്ലിനിക്കിൽ 12 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.
- **ജീവിതശൈലീ രോഗ ക്ലിനിക്കുകൾ:** ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ പ്രതിമാസം ശരാശരി നാല് ജീവിതശൈലീ രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 24 പേരെങ്കിലും സേവനം തേടുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജീവിതശൈലീ രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.
- **ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ:** ഒരു മാസത്തിൽ ശരാശരി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 111, ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 155 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 52 ഭവന സന്ദർശനങ്ങളും നടത്തുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

- ❖ സംസ്ഥാനത്തെ 50% ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2025 ഡിസംബർ മാസത്തോടെയും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (100%) 2026 ഡിസംബർ മാസത്തോടെയും NQAS (നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ്) അംഗീകാരം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ കേരളത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ പൊതുജനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## മോണിറ്ററിങ് & ഇവാല്യുവേഷൻ

- ❖ 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- ❖ നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- ❖ മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

### ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ

- ❖ ആഗസ്റ്റ് മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 46 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. ആഗസ്റ്റ് മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 955 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ❖ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1542 യോഗങ്ങൾ ആഗസ്റ്റ് മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 115 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 319 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 197 യോഗങ്ങളും, ജല ബജറ്റിനായി 108 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 101 യോഗങ്ങളും, പച്ചത്തുരുത്തിനായി 128 യോഗങ്ങളും, നീലക്കുറിഞ്ഞിക്കായി 29 യോഗങ്ങളും, മാതൃകാ തദ്ദേശസ്ഥാപനങ്ങൾക്കായി 114 യോഗങ്ങളും, തെങ്ങിന് തടം മണ്ണിന് ജലത്തിനായി 97 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ❖ ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 54 ജില്ലാ തല യോഗങ്ങളും 152 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 854 തദ്ദേശ സ്വയംഭരണ യോഗങ്ങളും 371 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി ആഗസ്റ്റ് മാസത്തിൽ കൂടിയിട്ടുണ്ട്.
- ❖ വിവിധ യോഗങ്ങളിൽ 5251 ജനപ്രതിനിധികളും 8757 ഉദ്യോഗസ്ഥരും, 34706 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 47606 പേർ ആഗസ്റ്റ് മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- ❖ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 281 ശില്പശാലകൾ നടത്തുകയും ആയതിൽ 16123 പേർ പങ്കെടുക്കുകയും ചെയ്തു.
- ❖ ഹരിത കേരളം മിഷൻ 57 പരിശീലനങ്ങൾ ആഗസ്റ്റ് മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 3547 പേർ ഭാഗമായിട്ടുണ്ട്.
- ❖ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ആഗസ്റ്റ് മാസത്തിൽ 5606 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 24306 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ആഗസ്റ്റ് മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആഗസ്റ്റ് മാസത്തിലെ പ്രവർത്തനം | | | | | | | | | | | | | | | | |
| സ്കീം/ പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജില്ലാ തലം | ബ്ലോക്ക് തലം | പഞ്ചായത്തു തലം | നഗരസഭാ/ കോർപറേഷൻ തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| കളക്ടറുടെ ജില്ലാ യോഗം | 2 | 0 | 0 | 0 | 0 | 2 | 0 | 18 | 2 | 20 | 0 | 0 | 0 | 0 | 10 | 16 |
| ജില്ലാ മിഷൻ യോഗം (ജില്ലാ പഞ്ചായത്തു പ്രസി:) | 1 | 0 | 0 | 0 | 0 | 1 | 7 | 71 | 41 | 119 | 0 | 0 | 0 | 0 | 4 | 51 |
| തദ്ദേശ മിഷൻ യോഗം | 2 | 0 | 46 | 1 | 0 | 49 | 316 | 465 | 172 | 953 | 0 | 0 | 0 | 0 | 36 | 120 |
| മാലിന്യ സംസ്കരണം | 25 | 39 | 227 | 22 | 6 | 319 | 1580 | 2332 | 3512 | 7081 | 263 | 14115 | 12 | 677 | 905 | 7245 |
| ഹരിത വിദ്യാലയം | 1 | 13 | 37 | 31 | 115 | 197 | 578 | 1428 | 16380 | 18016 | 2 | 164 | 5 | 248 | 359 | 2085 |
| ഹരിത ഓഫീസ് | 0 | 17 | 33 | 11 | 54 | 115 | 131 | 334 | 308 | 751 | 3 | 38 | 2 | 74 | 473 | 757 |
| ഹരിത ടൂറിസം | 1 | 4 | 21 | 2 | 5 | 33 | 129 | 140 | 134 | 376 | 0 | 0 | 1 | 43 | 123 | 446 |
| മാപത്തോൺ | 0 | 2 | 5 | 0 | 0 | 7 | 26 | 41 | 31 | 98 | 1 | 32 | 0 | 0 | 12 | 23 |
| ജല ബജറ്റ് | 1 | 24 | 78 | 3 | 2 | 108 | 512 | 653 | 300 | 1423 | 0 | 0 | 8 | 401 | 534 | 944 |
| നീരുറവു | 1 | 3 | 19 | 0 | 13 | 36 | 77 | 114 | 68 | 259 | 0 | 0 | 0 | 0 | 126 | 267 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 0 | 5 | 13 | 0 | 0 | 18 | 102 | 103 | 81 | 200 | 0 | 0 | 0 | 0 | 14 | 41 |
| നെറ്റ് സീറോ കാർബൺ | 0 | 3 | 65 | 9 | 9 | 86 | 398 | 514 | 4081 | 4989 | 4 | 194 | 25 | 1841 | 333 | 2085 |
| നെറ്റ് സീറോ കാർബൺ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | 1 | 0 | 14 | 0 | 0 | 15 | 53 | 84 | 130 | 263 | 0 | 0 | 0 | 0 | 106 | 42 |
| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | 0 | 4 | 58 | 3 | 10 | 75 | 246 | 348 | 632 | 1201 | 0 | 0 | 0 | 0 | 234 | 827 |
| പച്ചത്തുരുത്തു | 1 | 7 | 60 | 11 | 49 | 128 | 208 | 370 | 980 | 1549 | 0 | 0 | 0 | 0 | 1125 | 1608 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 2 | 2 | 17 | 9 | 18 | 48 | 122 | 248 | 1254 | 1572 | 0 | 0 | 2 | 210 | 67 | 1591 |
| തനതു പ്രവർത്തനം | 11 | 10 | 15 | 3 | 5 | 44 | 278 | 391 | 243 | 912 | 8 | 1580 | 0 | 0 | 55 | 2054 |
| പാറക്വാറി പ്രവർത്തനങ്ങൾ | 0 | 0 | 1 | 0 | 0 | 1 | 4 | 4 | 0 | 8 | 0 | 0 | 0 | 0 | 22 | 3 |
| ജലഗുണനിലവാര ലാബ് | 2 | 0 | 10 | 1 | 7 | 20 | 38 | 119 | 364 | 521 | 0 | 0 | 2 | 53 | 109 | 181 |
| നീലക്കുറിഞ്ഞി | 0 | 0 | 18 | 1 | 10 | 29 | 64 | 496 | 5344 | 5844 | 0 | 0 | 0 | 0 | 15 | 2130 |
| മാതൃകാ തദ്ദേശസ്ഥാപനങ്ങൾ | 0 | 3 | 44 | 2 | 65 | 114 | 77 | 121 | 216 | 414 | 0 | 0 | 0 | 0 | 546 | 612 |
| തെങ്ങിന് തടം മണ്ണിന് ജലം | 3 | 16 | 73 | 2 | 3 | 97 | 305 | 363 | 433 | 1037 | 0 | 0 | 0 | 0 | 398 | 1178 |
| ആകെ | 54 | 152 | 854 | 111 | 371 | 1542 | 5251 | 8757 | 34706 | 47606 | 281 | 16123 | 57 | 3547 | 5606 | 24306 |